**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 സെപ്റ്റംബർ 27 ബുധൻ

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) കുരിയോട്ടുമല ഫാം പ്രദേശത്ത് പുനരധിവസിപ്പിക്കപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ

ശ്രീ. കെ.ബി. ഗണേഷ് കുമാർ: പത്തനാപുരം പിറവന്തൂർ ഗ്രാമ പഞ്ചായത്തിൽപ്പെട്ട കുരിയോട്ടുമല ഫാം പ്രദേശത്ത് പുനരധിവസിപ്പിക്കപ്പെട്ട 113 ആദിവാസി കുടുംബങ്ങൾക്ക് ഓരോരുത്തർക്കും 80 സെന്റ് ഭൂമി വീതം അനുവദിച്ചുകൊടുത്തുവെങ്കിലും പ്രാഥമിക സൗകര്യങ്ങൾപോലുമില്ലാതെ അവരുടെ ജീവിതം വളരെ ദു:സഹമായിത്തീർന്നിരിക്കുന്നു. താമസിക്കാൻ കെട്ടിടമോ കുടിവെള്ളമോ വൈദ്യുതിയോ സഞ്ചാര യോഗ്യമായ റോഡുകളോ ഒന്നും തന്നെ നിർമ്മിച്ച് കൊടുത്തിട്ടില്ല.

ഇതിനാവശ്യമായ ഫണ്ട് പല പദ്ധതികളിലായി ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ടെങ്കിലും അത് അവർക്ക് പ്രയോജനപ്പെട്ടിട്ടില്ല. വീട് നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറുടെ കൈവശം ഫണ്ട് ഉണ്ടെങ്കിലും വെള്ളമില്ലാത്തതുകൊണ്ട് വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുകയില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ജലസേചന വകുപ്പിന്റെ കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആ സ്ഥലത്തിന് തൊട്ടുതാഴെ നടക്കുന്നുണ്ട്; അവിടെനിന്നും വെള്ളം പമ്പ് ചെയ്ത് ഈ സ്ഥലത്ത് എത്തിച്ച് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കണം. വൈദ്യുതി പോസ്റ്റുകൾ നല്കി വൈദ്യുതിയും എത്തിച്ചുകൊടുക്കണം. റോഡ് ഇല്ലാത്തതുകൊണ്ട് വാഹനസൗകര്യം ഇല്ലാത്ത അവസ്ഥയ്ക്കും പരിഹാര മുണ്ടാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല കാര്യങ്ങൾക്കും ഫണ്ട് അനുവദിച്ചതാണ്. ഇലക്ട്രിസിറ്റി ബോർഡും വാട്ടർ അതോറിറ്റിയും പട്ടിക സമുദായക്ഷേമ വകുപ്പും ഇത് ഇംപ്ലിമെന്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. കാലതാമസം ഒഴിവാക്കി ഇതെല്ലാം സൈമൾ ട്ടേനിയസായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം വകുപ്പുമന്ത്രി ഈ പ്രദേശം സന്ദർശിക്കുകയും ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പിറവന്തൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കുരിയോട്ടുമല ഫാം പ്രദേശത്ത് 100-ൽ അധികം ആദിവാസി കുടുംബങ്ങളെ പുനരധിവസി പ്പിക്കപ്പെട്ടിട്ടുണ്ട്. പുനരധിവാസപ്രശ്നം, വാട്ടർ സപ്ലൈ സ്കീം, വൈദ്യുതീ കരണം എന്നീ പ്രശ്നങ്ങൾ ഉണ്ടെന്നുള്ളതിനോട് പരിപൂർണ്ണമായി യോജിക്കുന്നു. പുനരധിവാസ പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ആവിഷ്ക്കരിക്കുന്നതിന് ജില്ലാ ട്രൈബൽ മിഷൻ 11-4-2005-ന് പദ്ധതി

തയ്യാറാക്കി ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) സെക്രട്ടറിക്ക് സമർപ്പിച്ചതിലെ നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ഇതിൽ വൈദ്യുതീകരണ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ തുക കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുകയും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ പ്രദേശത്ത് വീട് വച്ച് നല്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിക്കഴിഞ്ഞു. ഈ പദ്ധതി ഏറ്റെടുക്കുന്നതിന് ഓക്സ്ഫോർഡ് എന്ന സംഘടന മുന്നോട്ടുവന്ന സാഹചര്യത്തിൽ ജില്ലാ ട്രൈബൽ മിഷൻ ഇത് അവരെ ഏല്പിച്ചിട്ടുണ്ട്. വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയാൽ മാത്രമേ പുനരധിവാസ പദ്ധതി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. 24.65 ലക്ഷം രൂപയുടെ വാട്ടർ സപ്ളൈ സ്കീമാണ് പുനരധിവാസ പ്രദേശത്ത് ജില്ലാ ട്രൈബൽ മിഷൻ നിർദ്ദേശിച്ചിട്ടുള്ള തെങ്കിലും ഗൈഡ് ലൈൻ പ്രകാരം 10 ലക്ഷം രൂപയേ (ടി.ആർ.ഡി.എം)-ന് അനുവദിച്ചു നല്കാൻ കഴിയുകയുള്ളൂ. എസ്റ്റിമേറ്റിൽ കുറവു വരുത്താൻ ആവശ്യപ്പെട്ടുവെങ്കിലും അതിന് കഴിയുകയില്ല എന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പറഞ്ഞത്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ പദ്ധതി അങ്ങനെ തന്നെ അംഗീകരിക്കുവാനാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഭവന നിർമ്മാണത്തിന് വീട് ഒന്നിന് 75,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് റിവ്യൂ ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആ പ്രദേശം സന്ദർശിക്കുകയും ചെയ്യുന്നതാണ്.

(2) <u>പെരിയാർവാലി പദ്ധതിയുടെ അനുബന്ധ കനാലുകളുടെയും ബണ്ട് റോഡുകളുടെയും തകർച്ച</u>

<u>ശ്രീ. ബാബു പോൾ:</u> എറണാകുളം ജില്ലയിലെ മുഖ്യ ജലസ്രോതസ്സായ പെരിയാർവാലി പദ്ധതി ഇന്ന് നാശത്തിന്റെ വക്കിൽ എത്തിനില്ക്കുന്നു. ഈ ജില്ലയിലെ 6 താലൂക്കുകളിലായി 32,800 ഹെക്ടർ കൃഷിഭൂമിയിൽ ജലസേചനം നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിശാല കൊച്ചി പ്രദേശത്തെ വ്യാവസായികാവശ്യത്തിനും കുടിവെള്ളത്തിനും ഇതിലെ വെള്ളം ഉപയോഗിക്കുന്നുണ്ട്. ഈ പദ്ധതിയുടെ കനാലുകൾ മണ്ണ് കൊണ്ടുള്ളതായതിനാൽ ശക്തമായ നീരൊഴുക്ക് ഉണ്ടാകുമ്പോൾ താഴ്ന്ന പ്രദേശങ്ങളിൽ പല സ്ഥലത്തും വെള്ളക്കെട്ട് ഉണ്ടാകുകയും കൃഷി ചെയ്യാൻ കഴിയാത്ത സ്ഥിതി സംജാതമാകുകയും ചെയ്യുന്നു. കനാലിന് സംഭവിച്ച കേടുപാടുകൾകൊണ്ട് നീരൊഴുക്ക് തടസ്സപ്പെടുന്നു. ഹൈ ലെവൽ കനാലിൽ രണ്ട് പ്രധാന അക്വഡക്റ്റുകൾ ഇപ്പോൾ തകർന്ന് വീഴുന്ന അവസ്ഥയിലാണ്. തിരുവാങ്കുളം, തോന്നല്ലൂർ, കലമ്പൂർ, കാഞ്ഞിരമറ്റം, വടശ്ശേരി എന്നിവിടങ്ങളിലെ ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണ പ്രവർത്തന ങ്ങൾ പൂർത്തീകരിക്കുവാനുണ്ട്. 182 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. മേതല, ഇരമെല്ലൂർ ലിഫ്റ്റ് ഇറിഗേഷനോട് അനുബന്ധിച്ചുള്ള കനാലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തിയാക്കിയതുകൊണ്ട് നിർമ്മിച്ച കനാലുകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഗതാഗതയോഗ്യമായ ബണ്ട് റോഡുകളിൽ 200 കിലോമീറ്റർ വർഷങ്ങൾക്ക് മുമ്പ് ടാർ ചെയ്തിട്ടുള്ളതും ബാക്കി മെറ്റലും മണ്ണും കൊണ്ടുള്ളതുമാണ്. കാലപ്പഴക്കത്താൽ ഇവയെല്ലാം തകരുന്ന അവസ്ഥ യിലാണ്. കനാലിന്റെ ഇരു കരകളിലുമുള്ള ആളുകൾ പ്രോജക്ട് വക

സ്ഥലങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്ന അവസ്ഥ നിലനില്ക്കുന്നതിനാൽ അതിർത്തികൾ അളന്ന് കല്ലിട്ട് പദ്ധതിയുടെ റീവാമ്പിംഗ് നടത്തണം. ഇതിനുവേണ്ടി 22 കോടി രൂപയുടെ ഒരു പ്രോജക്ട് ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും ഇതുവരെ ഭരണാനുമതി നല്കിയിട്ടില്ല. പ്രധാനപ്പെട്ട ജലസ്രോതസ്സ് എന്ന നിലയിൽ അടിയന്തിരമായി ഇതിന് ഭരണാനുമതി നല്കുകയും പെരിയാർവാലി പദ്ധതിയുടെ അനുബന്ധ കനാലുകളും ബണ്ട് റോഡുകളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അതോടൊപ്പം ഈ പദ്ധതിയോട് അനുബന്ധിച്ചുള്ള അഡ്വൈസറി കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കുകയും ഈ പദ്ധതി കാഡ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: 1992-ൽ കമ്മീഷൻ ചെയ്ത പെരിയാർവാലി പദ്ധതി കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ, പറവൂർ എന്നീ താലൂക്കുകളിൽ 32,800 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനും കുടിവെള്ളം എത്തിക്കുവാനും പ്രയോജനപ്പെടുന്നുണ്ട്. ഇതിന്റെ വാർഷിക അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതുകൊണ്ട് എല്ലാ കനാലുകളിലും വെള്ളം എത്തിക്കുവാൻ സാധിക്കുന്നുണ്ട്. തിരുവാങ്കുളം,. തോന്നല്ലൂർ, കാഞ്ഞിരമറ്റം, കലമ്പൂർ, ആര്യമ്പാടം എന്നീ കനാലുകളിലെ പണി ഇനിയും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമാകാത്തതിനാലാണ് തോന്നല്ലൂർ കനാലിന്റെ അവസാനഭാഗം പൂർത്തിയാക്കാൻ സാധിക്കാത്തത്. കലമ്പൂർ, ആര്യമ്പാടം, കാഞ്ഞിരമറ്റം കനാലുകളുടെ പണികൾക്ക് ഭരണാനുമതി നല്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂന്ന്

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഒരെണ്ണം പൂർത്തിയായി. മേതല, ഇരമെല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ബാക്കി പണി ഏറ്റെടുത്ത് നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കായി റീവാമ്പിംഗ് ആന്റ് എഫിഷ്യന്റ് മാനേജ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ ഇപ്പോൾ വകകൊള്ളിച്ചിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലങ്ങളിൽ കയ്യേറ്റക്കാർ ഉള്ളതായി ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ അഡ്വൈസറി കമ്മിറ്റിയും കാഡാ കമ്മിറ്റിയും പുന:സംഘടിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>ചിക്കുൻഗുനിയ നിയന്ത്രണ വിധേയമാക്കാൻ കൂടുതൽ നടപടി</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ദിവസം കഴിയുംതോറും ചിക്കുൻഗുനിയ രോഗം നിയന്ത്രണവിധേയമല്ലാതായി വരുന്ന സാഹചര്യമാണുള്ളത്. ഈ സഭയിലെ ഏഴ് അംഗങ്ങൾ. 17-ാം തീയതി ചേർത്തല ആശുപത്രി സന്ദർശനം നടത്തിയപ്പോൾ 130 രോഗികളെയാണ് അവിടെ അഡ്മിറ്റ് ചെയ്തിരുന്നത്. ഇപ്പോൾ 333 രോഗികളെ അഡ്മിറ്റ് ചെയ്തിരിക്കുന്നു. വീണ്ടും രോഗികൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവരെ മരുന്നുകൊടുത്ത് വീട്ടിൽ പറഞ്ഞുവിടുകയാണ് ചെയ്യുന്നത്. കോൺട്രാക്ട് വ്യവസ്ഥയിൽ ഡോക്ടർമാരെ പുറത്തുനിന്നും എടുത്തിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം അടിയന്തിരപ്രമേയാവതരണത്തിന് മറുപടി പറഞ്ഞപ്പോൾ മന്ത്രി സൂചിപ്പിച്ചു. അവിടെ പുതിയ ഡോക്ടർമാരേയും നഴ്സുമാരേയും നിയമിച്ചിട്ടില്ല. ആശുപത്രിയിലെ മാലിന്യകൂമ്പാരം നീക്കം ചെയ്യാൻ നിർദ്ദേശം കൊടുത്തുവെങ്കിലും ഇതുവരെ അത് നീക്കം

ചെയ്തിട്ടില്ല. അതിന്റെ ഫലമായി കൊതുകുകൾ വർദ്ധിക്കുകയും രോഗം പടർന്നുപിടിക്കുകയും ചെയ്യുന്ന അവസ്ഥ യുണ്ടാകുന്നു. അതുകൊണ്ട് അടിയന്തിരമായി മാലിന്യകൂമ്പാരം നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പാവപ്പെട്ട ആളുകളാണ് ഈ രോഗം മൂലം മരണപ്പെട്ടതും ഇപ്പോൾ ആശുപത്രിയിൽ കഴിയുന്നതും എന്നതുകൊണ്ട് അവർക്ക് സാമ്പത്തിക സഹായം നല്കാനുള്ള നടപടികൂടി സ്വീകരിക്കണം. ചിക്കുൻഗുനിയ ബാധിച്ചാണ് അവിടെ ആളുകൾ മരണപ്പെട്ടിട്ടുള്ളത്. ഇത് പൂർണ്ണമായും നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടില്ല. ഇന്നലെയും അവിടെ ഒരാൾ മരണപ്പെടുകയുണ്ടായി. ഇക്കാര്യം ഗൗരവപൂർവ്വം ഉൾക്കൊണ്ടുകൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ അവതരിപ്പിച്ചത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. പകർച്ചപ്പനി പ്രതിരോധിക്കുന്നതിന് ധനസഹായം ആവശ്യപ്പെടുന്നതിനും ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നന്നാക്കി പ്രവർത്തിപ്പിക്കുന്നതിനുമുള്ള 8 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി, ജില്ലാതലത്തിൽ ആറ് ഡോക്ടർമാർ അടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഓരോ ദിവസത്തേയും രോഗികളുടെ വിവരവും മരുന്നിന്റെ ലഭ്യതയും സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിലെ ആശുപത്രികളിൽ, പ്രത്യേകിച്ച് ചേർത്തല താലൂക്കാശുപത്രിയിലും പി.എച്ച്.സി.കളിലും അഡ്ഹോക്കായും വർക്കിംഗ് അറേഞ്ച്മെന്റിലും ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയോഗിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ

ഡോക്ടർമാരെ ആവശ്യമാണെങ്കിൽ മറ്റ് സ്ഥലങ്ങളിൽനിന്നും നിയോഗിക്കാൻ ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കിടത്തി ചികിൽസയുള്ള ആശുപത്രികളിൽ ആർ.എം.ഒ.യെ നിയോഗിക്കുകയും 24 മണിക്കൂറും മോണിറ്ററിംഗിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പി.എച്ച്.സി.യിലും സി.എച്ച്.സി.യിലും മരുന്നു വാങ്ങാൻ അധിക സഹായമായി ഒരു ലക്ഷം രൂപ അനുവദിക്കുകയും പരിശോധനാകിറ്റ് വാങ്ങാൻ ഒരുലക്ഷത്തി ഇരുപത്തയ്യായിരം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ റിട്ടയർ ചെയ്ത ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കാൻ സാധിക്കുമോ എന്നുള്ളത് പരിശോധിച്ചുവരികയാണ്. കഴിഞ്ഞ ഒന്നരമാസത്തിനിടയിൽ ഏകദേശം 90 ക്യാമ്പുകൾ പ്രവർത്തിച്ചിട്ടുണ്ട്. പനി നിയന്ത്രിക്കുന്ന കാര്യത്തിൽ ഹോമിയോ–ആയൂർവേദ വിഭാഗങ്ങളും സജീവമാണ്. ഇതൊക്കെയാണെങ്കിലും പനി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ശുദ്ധജലത്തിൽത്തന്നെ കൊതുക് മുട്ടയിട്ട് പരത്തുന്ന ഈ പനി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി രണ്ടുമൂന്ന് തവണ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയുണ്ടായി. കൂടാതെ സഹകരണ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ഈ ആശുപത്രികൾ സന്ദർശിക്കുകയും ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുകയും ചെയ്തു. അവിടത്തെ ആശുപത്രികളിൽ കിടക്കകൾ കുറവായതിനാൽ 150 കിടക്കകൾ വാങ്ങുകയുണ്ടായി. ഇന്ന് മുഖ്യമന്ത്രിയും ഞാനും ചേർത്തല, മുഹമ്മ താലൂക്കാശുപത്രികളും പി.എച്ച്.സി. കളും സന്ദർശിക്കുന്നുണ്ട്. ഈ പ്രശ്നത്തിൽ ഗവണ്മെന്റ് യാതൊരു അലംഭാവവും കാണിച്ചിട്ടില്ല. ഓരോ മനുഷ്യജീവനും വളരെ വിലപ്പെട്ടതാണ് എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ മനുഷ്യ സാധ്യമായി ഇന്ന് കേരളത്തിൽ ലഭിക്കുന്ന എല്ലാ സംവിധാനങ്ങളും

ഉപയോഗിച്ച് ഈ പകർച്ചപ്പനി കേരളത്തിൽനിന്നും തുടച്ചുനീക്കാൻ ശ്രമിക്കുന്നതാണ്. പ്രതിപക്ഷത്തിന്റെ നിർദ്ദേശംകൂടി പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതാണ്. എറണാകുളം, കോട്ടയം തുടങ്ങിയ ജില്ലകളിലും പ്രതിരോധത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### (2) കോട്ടയ്ക്കൽ ആയുർവേദ കോളേജ് സെൻട്രൽ യൂണിവേഴ്സിറ്റിയാക്കണമെന്ന ആവശ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ആയുർവേദത്തിന്റെ നഗരി എന്നറിയപ്പെടുന്ന കോട്ടയ്ക്കൽ ആര്യവൈദ്യശാലയോടനുബന്ധിച്ചുള്ള ആയുർവേദ കോളേജിനെ എല്ലാ ഭൗതികസൗകര്യങ്ങളുമൊരുക്കി 2007 മാർച്ച് മാസത്തിനുമുമ്പ് ഒരു സെൻട്രൽ യൂണിവേഴ്സിറ്റിയായി അനുവദിച്ചുകിട്ടുന്നതിനും അതിനായി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കേന്ദ്രഗവണ്മെന്റ് അനുവദിച്ച ഒരുകോടി രൂപ റിലീസ് ചെയ്തുകിട്ടുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ ഒരു ആയുർവേദ സർവ്വകലാശാലയായി ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ ഒരു നിർദ്ദേശം കേന്ദ്രഗവണ്മെന്റിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 12-12-2002-ൽ കേന്ദ്രഗവണ്മെന്റ് വിളിച്ചുചേർത്ത യോഗത്തിൽ ആദ്യപടിയായി കോളേജിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്താനും കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും 7 പി.ജി. കോഴ്സുകൾ ആരംഭിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. പി.ജി. ബ്ളോക്ക് നിർമ്മിക്കുന്നതിനായി

സർക്കാർ 50 ലക്ഷം രൂപ 2003–04–ൽ അനുവദിക്കുകയും അതുപയോഗപ്പെടുത്തി പി.ജി. ബ്ളോക്കിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായിവരികയുമാണ്. 2004–05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 30 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിനായി നീക്കിവച്ചിരുന്നു. കോട്ടയ്ക്കൽ ആര്യവൈദ്യശാല വർഷംതോറും അതിന്റെ 10 ശതമാനം ലാഭവിഹിതം ഈ കോളേജിന്റെ വികസനത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഈ സ്ഥാപനം ആയൂർവേദ സർവ്വകലാശാലയായി ഉയർത്തുന്നതിനും നിലവിലുള്ള രണ്ട് പി.ജി. കോഴ്സുകൾക്കുപുറമെ അഞ്ച് പി.ജി. കോഴ്സുകൾകൂടി തുടങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കോട്ടയ്ക്കൽ ആര്യവൈദ്യശാല, സംസ്ഥാന സർക്കാർ, കേന്ദ്രം എന്നിവിടങ്ങളിൽനിന്നും കിട്ടാവുന്ന സാമ്പത്തികസഹായം ഉപയോഗപ്പെടുത്തി ഈ കോളേജിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിച്ച് കൂടുതൽ പി.ജി. കോഴ്സുകൾ തുടങ്ങാനും ഭാവിയിൽ ഈ കോളേജിനെ കേന്ദ്ര സർവ്വകലാശാലയായി ഉയർത്താനും നടപടികൾ കൈക്കൊണ്ടുവരുന്നു. കോട്ടയ്ക്കൽ ആയൂർവേദ കോളേജിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ഒരു കോടി രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്ളാൻ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്.

(3) <u>കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ പ്രവേശന ഫീസ്</u>

<u>ശ്രീ. വി.ഡി. സതീശൻ</u>: സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിൽ 50 ശതമാനം സീറ്റുകളിൽ സർക്കാർ ഫീസും 50 ശതമാനം സീറ്റുകളിൽ ജസ്റ്റിസ് കെ.ടി.തോമസ് കമ്മിഷൻ നിർദ്ദേശിച്ച ഫീസും മാത്രമേ ഈടാക്കൂ എന്ന സർക്കാർ ഉറപ്പ് ലംഘിച്ച് കൊച്ചി സഹകരണ മെഡിക്കൽ

കോളേജിൽ 2,13,000 രൂപ ഫീസ് വാങ്ങുന്നത് തടയാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഗവണ്മെന്റും സ്വാശ്രയ മാനേജുമെന്റുകളും തമ്മിൽ നടത്തിയ സമവായ ചർച്ചകളുടെ തീരുമാനപ്രകാരം ഗവണ്മെന്റ് തീരുമാനിച്ച കാര്യങ്ങൾ മാത്രമാണ് സ്വാശ്രയ മെഡിക്കൽ കോളേജിൽ നടപ്പാക്കുന്നത്. 2006-ൽ കേരള നിയമസഭ പാസാക്കിയ സ്വാശ്രയ നിയമം നടപ്പിലാക്കിയത് കൊച്ചി സഹകരണ മെഡിക്കൽ കോളേജ് മാത്രമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 50 ശതമാനം സീറ്റുകളിൽ 2,13,000 രൂപ അവിടെ വാങ്ങുന്നില്ല. ടി.എ. പൈ കേസിലും ഇനാംദാർ കേസിലും സുപ്രീം കോടതി പറഞ്ഞിരിക്കുന്നത് സാമ്പത്തികശേഷിയില്ലാത്ത കുട്ടികളെ പഠിപ്പിക്കാൻ സാമ്പത്തികശേഷിയുള്ള കുട്ടികളിൽനിന്നും കൂടുതൽ ഫീസ് വാങ്ങാമെന്നാണ്. സാമ്പത്തികശേഷി കുറഞ്ഞവരും 50 ശതമാനം മെറിറ്റിൽ വരുന്നതുമായ കുട്ടികൾക്ക് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ 9,000 രൂപയാണ് ഫീസ്. ബാക്കി 35 ശതമാനം സീറ്റുകളിൽ ഇവിടെയുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ഒരു ലക്ഷം രൂപ കൂടുതൽ വാങ്ങുന്നത് പാവപ്പെട്ട കുട്ടികളെ സഹായിക്കാനാണ്. 85 ശതമാനം സീറ്റിലും എൻട്രൻസ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നടത്തിയത് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് മാത്രമാണ്. 15 ശതമാനം വരുന്ന എൻ.ആർ.ഐ. ക്വാട്ടയിൽപ്പോലും 25 ലക്ഷം രൂപ മുതൽ 50 ലക്ഷംരൂപ വരെ ഡെവലപ്മെന്റ് ഫണ്ട് എന്ന പേരിൽ സ്വകാര്യ സെൽഫ് ഫിനാൻസിംഗ് കോളേജ് വാങ്ങുമ്പോൾ നിയമസഭ പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 5,66,000 രൂപയേ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിൽ

വാങ്ങുന്നുള്ളൂ. ഗവണ്മെന്റിന്റെ എൻട്രൻസ് ലിസ്റ്റിൽനിന്ന് 85 ശതമാനം സീറ്റിൽ അഡ്മിഷൻ നടത്തുന്നതിന് തയ്യാറാകാതെ ഇഷ്ടാനുസരണം അഡ്മിഷൻ നടത്തുന്ന സ്വകാര്യമേഖലയെ പ്രീണിപ്പിക്കാനുള്ള വാദമാണ് പ്രതിപക്ഷം നടത്തുന്നത്.

(4) കോട്ടയം ജില്ലയിലെ സ്വർണ്ണ കവർച്ച

ശ്രീ. വി. എൻ. വാസവൻ: മുംബൈ സ്വദേശികളായ സുരേഷ്, ഹസ്മുക്ക് എന്നീ ബിസിനസ്സുകാർ കോട്ടയം കെ.കെ. റോഡിലൂടെ സഞ്ചരിക്കുമ്പോൾ ആറംഗ കവർച്ചാസംഘം കാറിലെത്തി അവരെ വെട്ടി പരിക്കേൽപ്പിക്കുകയും അവരുടെ കൈയിലുണ്ടായിരുന്ന 19.5 കിലോ സ്വർണ്ണം കവർച്ച ചെയ്യുകയും ചെയ്ത സംഭവം കോട്ടയം ജില്ലയിലെ ജനങ്ങളെ പരിഭ്രാന്തരാക്കിയിരിക്കുന്നു. ആസൂത്രിതമായി നടത്തിയ കവർച്ച സംബന്ധിച്ച് സ്പെഷ്യൽ ടീമിനെക്കൊണ്ട് ഊർജ്ജിതമായ അന്വേഷണം നടത്തുകയും കുറ്റവാളികളെ കണ്ടെത്തുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): കോട്ടയം കെ.കെ. റോഡിൽ പാമ്പാടി 13-ാം മൈലിനു സമീപത്താണ് ഇന്നലെ ഉച്ചയ്ക്ക് 2.30-ന് വ്യാപാരികളെ വെട്ടി പരിക്കേൽപ്പിക്കുകയും കവർച്ച നടത്തുകയും ചെയ്ത സംഭവമുണ്ടായത്. മുഖംമൂടി ധരിച്ച് കാറിൽ വന്ന സംഘമാണ് 19.5 കിലോ സ്വർണ്ണം കവർച്ച ചെയ്തത്. പ്രസ്തുത സംഭവം സംബന്ധിച്ച് പാമ്പാടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മധ്യമേഖല ഐ.ജി. സ്ഥലം സന്ദർശിച്ചു; കോട്ടയം എസ്.പി. സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നു. പരിക്കേറ്റവരെ ചികിൽസയ്ക്കായി

ആശുപത്രിയിലാക്കിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി., കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഡിവൈ.എസ്.പി. എന്നിവർ അടങ്ങുന്ന ഒരു പ്രത്യേക ടീമിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

## (5) <u>അടൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : പണത്തിന്റേയും സാങ്കേതികത്വത്തിന്റേയും പ്രശ്നമില്ലാതിരുന്നിട്ടും കെ.എസ്.ടി.പി ഏറ്റെടുത്ത റോഡുകളുടേയും അടൂർ ബൈപാസ്സ് റോഡുകളുടേയും പണികൾ മന്ദഗതിയിലാണ് നീങ്ങുന്നത്. പി.ഡബ്ള്യു.ഡി. ഏറ്റെടുത്ത ഏഴെട്ട് റോഡുകൾ തുടർനടപടികളില്ലാതെ പല ഘട്ടങ്ങളിലായി കിടക്കുന്നു. 20 കി.മീ ദൈർഘ്യമുള്ളതും രണ്ടുമൂന്ന് ജങ്ഷനുകളിൽ പണി സ്തംഭിച്ചു നിൽക്കുന്നതുമായ കടമ്പനാട്-ഏനാത്ത്-ഏഴംകുളം റോഡിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കോൺഫറൻസ് വിളിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. റ്റി.യു. കുരുവിള)</u>: റോഡുകളുടെ അറ്റകുറ്റപ്പണികൾ മഴകഴിഞ്ഞാലുടൻ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കടമ്പനാട്-ഏനാത്ത്-ഏഴംകുളം റോഡ് സി.ആർ.എഫ്-ൽ ഉൾപ്പെടുത്തി പണിയുന്നതിന് 9 കോടി രൂപയാണ് എസ്റ്റിമേറ്റ്. 80 ശതമാനം പണികൾ പൂർത്തിയായി. ഏനാത്ത്-ഏഴംകുളം ജങ്ഷനിലെ ടാറിംഗ് ജോലിയാണ് തീരാനുള്ളത്. അവിടെ ഒരു കെട്ടിടം പൊളിച്ചുമാറ്റുന്നതു സംബന്ധിച്ച്

തർക്കം നിലനിൽക്കുന്നു. ബന്ധപ്പെട്ട വരുടെ യോഗം വിളിച്ച് എത്രയുംവേഗം പണികൾ പൂർത്തീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കൊട്ടാരക്കര ബസ് സ്റ്റാൻഡിനോടനുബന്ധിച്ചുള്ള ഗ്യാരേജിന്റേയും വർക്ക് ഷോപ്പിന്റേയും ശോച്യാവസ്ഥ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനോടനുബന്ധിച്ചുള്ള ഗ്യാരേജും വർക്ക്ഷോപ്പും ബസ്സുകൾ നിർത്തി പണിയിക്കുന്നതിനോ ജീവനക്കാർക്കിരുന്ന് പണിചെയ്യുന്നതിനോ കഴിയാത്തവിധം ശോച്യാവസ്ഥയിലാണ്. കൊട്ടാരക്കര ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന വർക്ക്ഷോപ്പിനോടനുബന്ധിച്ചുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ളക്സ് പണിതാൽ കെ.എസ്.ആർ.ടി.സി.ക്ക് നല്ല വരുമാനം ലഭിക്കുമെന്നതിനാൽ ഷോപ്പിംഗ് കോംപ്ളക്സ് പണിയുന്നതിനും വർക്ക്ഷോപ്പ് പുതുക്കി പണിയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി.തോമസ്): കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ഗ്യാരേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ളക്സ് പണിയുന്നതിന് ദർഘാസ് ക്ഷണിച്ചുവെങ്കിലും കരാറുകാരൻ ഉയർന്ന നിരക്ക് ആവശ്യപ്പെട്ടതുകൊണ്ട് ദർഘാസ് റദ്ദാക്കുകയും പുനർ ദർഘാസിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഗ്യാരേജിന്റെ പുറകുവശത്ത് ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ളക്സ് പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) <u>വൈറ്റില–അരൂർ നാലുവരിപ്പാത നിർമ്മാണത്തിലെ സ്തംഭനാവസ്ഥ</u>

<u>ശ്രീ. കെ. ബാബു</u> : 2004 ആഗസ്റ്റിൽ 'ജി.എ. മെക്കോൺ' എന്ന കമ്പനി 80 കോടി രൂപയുടെ നിർമ്മാണ ജോലി ഏറ്റെടുത്തതും 2007 ആഗസ്റ്റിൽ പണി പൂർത്തിയാക്കേണ്ടതുമായ വൈറ്റില–അരൂർ നാലുവരിപ്പാതയുടെ നിർമ്മാണം സ്തംഭിച്ചിരിക്കുന്നു. അഞ്ച് പാലങ്ങളും രണ്ട് സബ്–വേകളും ഉൾപ്പെട്ട 10 കി.മീ. നീളമുള്ള ഈ റോഡിന്റെ 40 ശതമാനം പണികൾ മാത്രമേ പൂർത്തിയായിട്ടുള്ളു. റോഡിന്റെ നിർമ്മാണച്ചുമതല ഏറ്റെടുത്ത എൻ.എച്ച്.എ.ഐ. യുടെ ഓഫീസ് അടച്ചുപൂട്ടുകയും കോൺട്രാക്ടർമാർ വിട്ടുപോവുകയും ചെയ്തു. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിന് ഈ റോഡിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. റ്റി.യു. കുരുവിള)</u>: വൈറ്റില–അരൂർ നാലു വരിപ്പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ യാണ് നടത്തുന്നത്. കോൺട്രാക്ടർമാർ പണി നിർത്തിവച്ചിരിക്കുന്നതിനാൽ 41.77 ശതമാനം പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. 2006 ഒക്ടോബർ 20–ാം തീയതി റോഡിന്റെ നിർമ്മാണം പുനരാരംഭിക്കാൻ കഴിയുമെന്ന് എൻ.എച്ച്.എ.ഐ.യുടെ പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ബോർഡ് യോഗം ചേർന്ന് തീരുമാനമെടുത്ത് സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതാണ്.

(8) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും പട്ടയവും നൽകണമെന്ന ആവശ്യം

ശ്രീ. എൻ. രാജൻ: ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന ആദിവാസികൾക്ക് പട്ടയം ഉൾപ്പെടെയുള്ള രേഖകൾ നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ആദിവാസികളിൽ 22,052 കുടുംബങ്ങൾ ഭൂരഹിതരും 32,139 കുടുംബങ്ങൾ ഒരേക്കറിനു താഴെ മാത്രം ഭൂമിയുള്ളവരുമാണ്. അതിൽ 4,652 കുടുംബങ്ങൾക്കുമാത്രമാണ് 6,781 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുള്ളത്. ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് വിവിധ ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള 2,975 ഏക്കർ ഭൂമി എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് 6,973 ഹെക്ടർ വനഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് കിടപ്പാടം നൽകുന്ന പദ്ധതിപ്രകാരം നൽകാമെന്നും അതിന് സംസ്ഥാനം അടയ്ക്കേണ്ട 577 കോടി രൂപ വേണ്ടെന്ന് വയ്ക്കാനും സംസ്ഥാന ഗവണ്മെന്റിനെ അറിയിച്ചിരുന്നുവെങ്കിലും സുപ്രീം കോടതി അത് അംഗീകരിച്ചിട്ടില്ല. ഇക്കാര്യം അനുവദിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവണ്മെന്റ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. 1980-നുമുമ്പ് വനഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്ക് 11.2.1992-ലെ സർക്കാർ ഉത്തരവനുസരിച്ചാണ് കൈവശരേഖ നൽകിവരുന്നത്. നിലവിൽ വനഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്ക് പട്ടയം നൽകാൻ വ്യവസ്ഥയില്ല. സംസ്ഥാനത്താകെയുള്ള ട്രൈബൽ സെറ്റിൽമെന്റ് കോളനികളിൽ റവന്യൂ വകുപ്പ് സംയുക്ത പരിശോധന പൂർത്തിയാക്കുകയും

19,534 കുടുംബങ്ങൾ കൈവശരേഖയ്ക്ക് അർഹരാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി അർഹരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും കൈവശരേഖ കൊടുക്കുന്നതാണ്. സുപ്രീം കോടതിയുടെ അനുവാദം വാങ്ങി ബാക്കിയുള്ള എല്ലാ ആദിവാസി കുടുംബങ്ങൾക്കും പട്ടയം കൊടുക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ട്. സുപ്രീം കോടതിയിലെ കേസിൽ അനുകൂലമായ തീർപ്പുണ്ടാക്കാൻ പരിശ്രമിക്കുന്നുണ്ട്.

## (9) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീമതി കെ.എസ്. സലീഖ: ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം, വെള്ളിനേഴി, പൂക്കോട്ടുകാവ് പഞ്ചായത്തുകൾക്കു വേണ്ടി എൽ.ഐ.സി. സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കരിമ്പുഴ, തച്ചമ്പാറ, കാരാകുറിശ്ശി പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതിയുടെ 50 ശതമാനം പണികൾ പൂർത്തീകരിച്ചു. ബാക്കി പണികൂടി പൂർത്തീകരിക്കണം. ചെർപ്പുളശ്ശേരിയിലെ ഒലിയം ഐ.എച്ച്.ഡി.പി. കോളനിയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിക്കണം. ജലനിധിയുമായി ബന്ധപ്പെട്ട് കോങ്ങാട് പഞ്ചായത്തിലെ 43 ഗുണഭോക്തൃ സമിതികളുടെ വർക്കുകൾ ഉടൻ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ അംഗീകാരം ലഭിച്ച നാല് സ്വജൽധാര കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി താരിഫ് നിരക്ക് ഏകീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): ശ്രീകൃഷ്ണ പുരത്തെ മിക്കവാറും ശുദ്ധജല വിതരണ പദ്ധതികളൊക്കെ എൽ.ഐ.സി. യുടെ സഹായത്തോടെയുള്ളതാണ്. എൽ.ഐ.സി. വാട്ടർ അതോറിറ്റിക്ക് സാമ്പത്തിക സഹായം നൽകുന്നത് നിർത്തിവച്ചിരിക്കുന്നതിനാൽ അവ തുടരാൻ കഴിയില്ല. നബാർഡ് തുടങ്ങിയ മറ്റ് ഏജൻസികളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2007–ൽത്തന്നെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതാണ്. ജലനിധി യുടെയും സ്വജൽധാരയുടെയും അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള പുതിയ ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ ഓപ്പറേഷനും മെയിന്റനൻസും കറണ്ട് ചാർജും ഉൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗിച്ച് ചെലവഴിക്കാൻ അനുവദിക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(10) മണലൂർ നിയോജകമണ്ഡലത്തിലെ കോഴിത്തോടിന്റെ സർവ്വേ പൂർത്തീകരിച്ച് പണി ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി, പാവറട്ടി, തൈക്കാട്, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഏകദേശം 5 കിലോമീറ്റർ ദൈർഘ്യമുള്ള കോഴിത്തോട് മലിനമായതുമൂലം വളരെ ഗുരുതരമായ ആരോഗ്യപ്രശ്നവും വെള്ളപ്പൊക്ക ഭീഷണിയും നിലനിൽക്കുന്നു. കഴിഞ്ഞ കാലവർഷത്തിൽ തോടിന്റെ സമീപത്തുള്ള 11 വീടുകൾ പൂർണ്ണമായി തകർന്നു. കോഴിത്തോടിന്റെ ആഴവും വീതിയും കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുകയും ലിഫ്റ്റ് ഇറിഗേഷനുവേണ്ടിയുള്ള പദ്ധതി യുടെ സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : മണലൂർ നിയോജക മണ്ഡലത്തിലെ നാല് ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനമുള്ള കോഴിത്തോട് പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. സർവ്വേ സംബന്ധിച്ച പ്രൊപ്പോസൽ ജലസേചന വകുപ്പ് സർവ്വേ വകുപ്പിന് നൽകി യിട്ടില്ല. ഇത് സംബന്ധിച്ച് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് ചെയ്യുന്നതാണ്.

(11) കാലടി പ്ലാന്റേഷനിലെ കാട്ടാന ശല്യം

ശ്രീ. ജോസ് തെറ്റയിൽ: വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനോടുചേർന്ന കാലടി പ്ലാന്റേഷനിലെ തൊഴിലാളികൾ കാട്ടാനകളുടെ ശല്യം നേരിട്ടു കൊണ്ടിരിക്കുകയാണ്. ഒരു തൊഴിലാളി കാട്ടാനയുടെ ഉപദ്രവംമൂലം ആശുപത്രിയിൽ ചികിൽസയിലാണ്. ആ പ്രദേശത്ത് ഫെൻസിംഗ് ഫലപ്രദ മായി നടത്തിയിട്ടില്ല. ചികിൽസയ്ക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ നഷ്ടപരിഹാരം കൊടുക്കാൻ പ്ലാന്റേഷൻ കോർപ്പറേഷനും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും തയ്യാറാകണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലുള്ള കാലടി തോട്ടത്തിലെ ഒരു തൊഴിലാളി കാട്ടാന ഉപദ്രവിച്ചതുമൂലം ചികിൽസയിലാണ്. വനമേഖലയിൽ ഇലക്ട്രിക് ഫെൻസിംഗ് ഏർപ്പെടുത്തുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പല വനമേഖലകളിലും കാട്ടാന കളുടെ ശല്യംമൂലം ആശങ്ക പടരുന്നത് ഗവൺമെന്റ് നിസ്സാരമായി കാണു ന്നില്ല. ആവുന്നിടത്തെല്ലാം ഫെൻസിംഗിനും കിടങ്ങുകൾ കുഴിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. ഫെൻസിംഗുകൾ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായ

ത്തുകൾക്കും ആ പ്രദേശങ്ങളിലെ ജനങ്ങൾക്കും ഇൻവോൾവ്മെന്റ് ഉണ്ടാകണം.

(12) എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്./ബി.ഡി.എസ്.കോഴ്സുകളിൽ പ്രവേശനം

ശ്രീ. കെ.സി.കുഞ്ഞിരാമൻ: എം.ബി.ബി.എസ്./ബി.ഡി.എസ്. പ്രവേശനത്തിന് പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ വർഷം ഐ.എം.സി. നിബന്ധന ഏർപ്പെടുത്തിയതുകാരണം പ്രവേശന പരീക്ഷയിൽ 40 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പ്രവേശനം ലഭിക്കുന്നതല്ല. സംവരണ തത്വം അനുസരിച്ച് നിയമപരമായി ലഭിക്കേണ്ട 37 സീറ്റുകളിൽ 36 സീറ്റ് ഈ വർഷം നഷ്ടപ്പെട്ട അവസ്ഥയാണ്. ബന്ധപ്പെട്ട വിദ്യാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ 36 കുട്ടികളുടെയും അവസരം നഷ്പ്പെടാതെ ഈ വർഷം തന്നെ അവർക്ക് പ്രവേശനം ലഭിക്കുന്നതിന് ഐ.എം.സി.യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് സംവിധാനം ഉപയോഗപ്പെടുത്താൻ അവസരമില്ല. മിനിമം മാർക്ക് പി.ജി. കോഴ്സുകൾക്ക് മാത്രമാണ് ബാധകമെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.എം.സി.യുമായി ബന്ധപ്പെട്ട് മുഴുവൻ സീറ്റിലും പ്രവേശനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): എം.ബി.ബി.എസ്. കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിന് യോഗ്യതാ പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള മാർക്കിന് പുറമേ പൊതു പ്രവേശന പരീക്ഷയിൽ 50 ശതമാനം മാർക്ക് വേണമെന്നാണ് എം.സി.ഐ. നിബന്ധന. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പൊതു പ്രവേശന പരീക്ഷയിൽ 40 ശതമാനം

മാർക്ക് നേടിയാലേ അഡ്മിഷൻ നൽകാവൂവെന്ന നിബന്ധന വളരെ ദോഷകരമായി മാറിയിട്ടുണ്ട്. സംവരണ തത്വം അനുസരിച്ച് 37 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്-ന് അഡ്മിഷൻ ലഭിക്കേണ്ടതാണ്. യോഗ്യതാ പരീക്ഷയിൽ യോഗ്യത നേടി പൊതുപ്രവേശന പരീക്ഷയിൽ 40 ശതമാനം മാർക്ക് നേടിയ ഒരു കുട്ടിയേ ഉള്ളൂ എന്നതുകൊണ്ട് ബാക്കി 36 സീറ്റുകളിൽ പ്രവേശനം ലഭിക്കാത്ത സ്ഥിതിവന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്ക്കർഷിച്ചിട്ടുള്ള ഈ നിബന്ധനയിൽ ഇളവ് വരുത്തേ ണ്ടത് അവർ തന്നെയാണ്. സർക്കാർ ഈ പ്രശ്നം അവരുടെ ശ്രദ്ധയിൽപ്പെ ടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരാ മാവധി കാര്യങ്ങൾ ഈ വർഷംതന്നെ ചെയ്യുന്നതാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ റൂൾ കൊണ്ടുവന്നത്. ഗവൺമെന്റിന്റെ വികാരം വേണ്ട രൂപത്തിൽ അവതരി പ്പിക്കുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

<u>മാറാട് സംഭവത്തെക്കുറിച്ചുള്ള റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന ആവശ്യം</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: മേശപ്പുറത്തു വച്ചിരിക്കുന്ന മാറാട് സംഭവത്തെക്കുറിച്ചുള്ള വളരെ പ്രധാനപ്പെട്ട റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കണം.

മി.സ്പീക്കർ: സഭാനേതാവിന്റെയും പ്രതിപക്ഷനേതാവിന്റെയും സൗകര്യം കൂടി നോക്കി ബി.എ.സി.-യിൽ ചർച്ച ചെയ്ത് ഡേറ്റ് തീരുമാനിച്ച് സഭയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കാം.

**ധനകാര്യം**

2006-2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - IX - വാഹന നികുതികൾ (11,54,91,000 രൂപ)

ധനാഭ്യർത്ഥന നമ്പർ - XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും (62,43,74,000 രൂപ)

ധനാഭ്യർത്ഥന നമ്പർ - XLI- ഗതാഗതം (63,35,10,000 രൂപ)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ.സി. വേണുഗോപാൽ, എം.മുരളി, കെ.ബാബു, തേറമ്പിൽ രാമകൃഷ്ണൻ, കെ.സി. ജോസഫ്, ജി. കാർത്തികേയൻ, അടൂർ പ്രകാശ്, റോഷി അഗസ്റ്റിൻ, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാണ്ടി, കെ.കെ. ഷാജു, യു.സി. രാമൻ, സി.ടി. അഹമ്മദ് അലി, വി.കെ. ഇബ്രാഹിംകുഞ്ഞ്, എം. ഉമ്മർ, എം.എ. വാഹീദ്, വി.ഡി. സതീശൻ, ആര്യാടൻ മുഹമ്മദ്, സി.പി. മുഹമ്മദ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം.എ. വാഹീദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പബ്ളിക് യൂട്ടിലിറ്റി സർവ്വീസായ കെ.എസ്.ആർ.ടി.സി. എല്ലാക്കാലത്തും കടക്കെണി യിലാണ്. കെ.എസ്.ആർ.ടി.സി. ഒരു വർഷം ഒരു ബസ് നിരത്തിലിറക്കിയാൽ പിറ്റേ വർഷം അതിൽക്കൂടുതൽ ബസ്സുകൾ കട്ടപ്പുറത്താകുന്നു. എന്നാൽ സ്വകാര്യ ഏജൻസികൾ ഒരു വർഷം ഒരു ബസ് നിരത്തിലിറക്കിയാൽ അടുത്ത വർഷം കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്ന സ്ഥിതിയാണു ളളത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ കട്ടപ്പുറത്താകുന്നതിന്റെ സാഹചര്യം പരിശോധിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ എൻജിനീയറിംഗ് വിഭാഗം ഡിപ്പോ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. യൂണിയനുകളുടെ മേധാവിത്വം അവസാനിപ്പിക്കണം. വളരെ പഴക്കം ചെന്ന വാഹനങ്ങൾ ഓടിക്കുന്നത് മൂലം സമയനഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടായിക്കൊ ണ്ടിരിക്കുന്നു. പല അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടും കെ.എസ്.ആർ.ടി.സി.യിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്നുവരെ സാധിച്ചിട്ടില്ല. സ്വകാര്യ മേഖലയിലെ ബസ്സുകൾ റൂട്ട് ക്യാൻസലേഷനില്ലാതെ കൃത്യമായി ഓടിക്കുന്നതിനാൽ ധാരാളം ലാഭം കിട്ടുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തിലോടുന്ന റൂട്ടുകൾ ഡീ-നാഷണലൈസ് ചെയ്യണം. കോട്ടയം-കുമിളി, തൃശ്ശൂർ-പാലക്കാട്, തൃശ്ശൂർ-കോഴിക്കോട്

തുടങ്ങി കളക്ഷൻ കൂടുതലുള്ള റൂട്ടുകൾ ദേശസാൽക്കരിക്കണം. അതോടൊപ്പം കെ.എസ്.ആർ.ടി.സി.ക്ക് കളക്ഷൻ കുറവുള്ള റൂട്ടുകൾ സ്വകാര്യമേഖലയ്ക്ക് വിടണം. കണിയാപുരം നിയോജകമണ്ഡലത്തിൽ ദിവസേന 32-ഓളം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നുണ്ട്. ഇങ്ങനെ ഓടാതെ കിടക്കുന്ന സർവ്വീസുകൾ സ്വകാര്യമേഖലയ്ക്ക് കൊടുത്ത് ലാഭമുള്ള സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രണ്ടരക്കോടി രൂപ ലാഭമുണ്ടാക്കിയിരുന്ന സ്ഥാനത്ത് ഇപ്പോൾ രണ്ടേകാൽ കോടിരൂപയാണ് പിരിഞ്ഞുകിട്ടുന്നത്. ഇത് പരിശോധിച്ച് കെ.എസ്.ആർ.ടി.സി.യെ ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദ മാക്കേണ്ടതുണ്ട്. ബസ്സുകൾ വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തി നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. ആർ.ടി. ഓഫീസുകളെ ഏജന്റുമാരിൽനിന്ന് സ്വതന്ത്രമാക്കണം. സ്റ്റേഷനറി വകുപ്പിൽനിന്നു വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് സമസ്ത മേഖലകളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ ജനദ്രോഹപരമായ ഭരണമാണ് കാഴ്ചവച്ചത്. കെടുകാര്യസ്ഥതയാണ് അവരുടെ മുഖമുദ്ര. പരസ്പരം അഴിമതി ആരോപണങ്ങളുന്നയിക്കാനാണ് അവർ സമയം കണ്ടെത്തിയത്. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് അഴിമതിയിൽ മുങ്ങിക്കുളിച്ചു നിന്നിരുന്ന കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം 1500 കോടി രൂപയും പെട്രോളിയം കമ്പനികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക 141 കോടി

രൂപയുമായിരുന്നു. ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം 2.11 കോടി രൂപയുടെ അധികച്ചെലവാണ് വന്നുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പി.എസ്.സി.യെയും എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളേയും നോക്കുകുത്തിയാക്കിക്കൊണ്ടുള്ള നിയമനങ്ങളായിരുന്നു നടത്തിക്കൊണ്ടിരുന്നത്. കഴിഞ്ഞ 35 വർഷം നടന്നതിനേക്കാൾ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയത്. അങ്കമാലി, പേരൂർക്കട, കാട്ടാക്കട തുടങ്ങിയ ഡിപ്പോകളിൽ ഷോപ്പിങ് കോംപ്ളക്സ്, കോട്ടയ്ക്കകത്ത് സ്റ്റാഫ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ എസ്റ്റിമേറ്റിൽ വൻ ക്രമക്കേടുണ്ടായിരുന്നു. നിർമ്മാണപ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തിയിരുന്നില്ല. പെയിന്റ് വാങ്ങിയതിലും ക്രമക്കേട് നടന്നിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ചാത്തന്നൂർ, പാപ്പനംകോട് ഡിപ്പോകൾ പണയപ്പെടുത്തി കോടിക്കണക്കിന് രൂപ കടം എടുത്തിരുന്നു. ഇലക്ട്രോണിക് ടിക്കറ്റ് മെഷിനു ഉപയോഗിക്കുന്ന പേപ്പർ വാങ്ങിയതിലും ടയർ റീ–ബിൽഡിംഗ് നടത്തിയതിലും വൻ അഴിമതിയാണ് നടന്നത്. മിനി ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള കരാർ സ്വകാര്യ കമ്പനികൾക്ക് നൽകിയതിലൂടെ 7.50 കോടി രൂപയുടെ നഷ്ടമുണ്ടായി. സർക്കാർ മാറിയെങ്കിലും കെ.എസ്.ആർ.ടി.സി.യിലെ ഉദ്യോഗസ്ഥതലത്തിൽ ഇപ്പോഴും പ്രശ്നങ്ങളുണ്ട്. അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയിരുന്ന കെ.എസ്.ആർ.ടി.സി.യെ നാശത്തിൽനിന്ന് കരകയറ്റുന്നതിന് എൽ.ഡി.എഫ്. സർക്കാർ തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. സാധാരണ ജനങ്ങളുടെ ജീവിതത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വ്യക്തമായ പ്ളാനിംഗും പദ്ധതിയും

ആവശ്യമാണ്. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിയിൽ മുങ്ങിനിന്നിരുന്ന കോർപ്പറേഷനെ രക്ഷപ്പെടുത്തുന്നതിന് ഇച്ഛാശക്തിയോടെയുള്ള പ്രവർത്തന മാണ് ഗവൺമെന്റ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ. ടി. സി. യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റുക എന്നത് ഈ ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബോഡി ബിൽഡിംഗിൽ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി.ക്കുണ്ടായത്. ഇപ്പോൾ സ്വന്തം വർക്ക്ഷോപ്പുകളിൽ 100 ബസുകൾക്ക് ബോഡി നിർമ്മിക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. പുതിയ ബസ് വാങ്ങാൻ 10 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. പെർമിറ്റില്ലാതെ സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങളെ തടയണം. മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കണം. വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാൻ സംവിധാനമുണ്ടാക്കണം. ഓരോ ഡിപ്പോകളിലെയും മന്ത്‌ലി കോൺഫറൻസിൽ എം.എൽ.എ.മാരെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുന്നു. അതാത് സ്ഥലത്തെ എം.എൽ.എ.മാരും പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടുന്ന ജനപ്രതിനിധി കളുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് റൂട്ടുകൾ പ്രാദേശികമായി നിശ്ചയിച്ചാൽ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയും. സ്ഥിരമായി യാത്ര ചെയ്യുന്നവർക്ക് സീസൺ ടിക്കറ്റ് ഏർപ്പെടുത്തണം. കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ 52 ഷെഡ്യൂളുകളുണ്ടായിരുന്നതിൽ 36 ഷെഡ്യൂളുകൾ മാത്രമാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ആ ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.ടി. ജലീൽ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമ്പൂർണ്ണ പുനരുദ്ധാരണം ലക്ഷ്യമിട്ട് ക്യാബിനറ്റ് സബ് കമ്മിറ്റിക്ക് രൂപം നൽകുകയും നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭകരമാക്കാൻ ഡിപ്പോ അടിസ്ഥാന ത്തിൽ റീഷെഡ്യൂളിംഗ് നടത്താൻ എം.എൽ.എ.മാരെ പങ്കെടുപ്പിച്ച് മാസംതോറും കോൺഫറൻസ് വിളിച്ചുചേർക്കാൻ തീരുമാനിക്കുകയും പ്രതിസന്ധികൾക്കിടയിലും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 4 ശതമാനം ഡി.എ. അനുവദിക്കുകയും ചെയ്തതിനെ സ്വാഗതം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം 780 കോടി രൂപയാണ് വാഹന നികുതിയിനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ കേരളത്തിലും മാർക്കറ്റ് വാല്യൂവിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചാൽ ആഡംബര കാറുകളിൽനിന്നും കൂടുതൽ നികുതി ഈടാക്കാൻ കഴിയും. പാസ്സഞ്ചർ വാഹനങ്ങൾക്ക് സീറ്റിംഗ് കപ്പാസിറ്റി അനുസരിച്ചാണ് ഇവിടെ നികുതി ഈടാക്കുന്നത്. മറ്റ് സ്റ്റേറ്റുകളിൽ ഫ്ളോർ സ്പെയിസിനെ അടിസ്ഥാനമാക്കിയാണ് നികുതി നിശ്ചയിക്കുന്നത്. സീറ്റിംഗ് കപ്പാസിറ്റി അനുസരിച്ച് നികുതി നിശ്ചയിക്കുന്ന രീതി നടപ്പാക്കിയശേഷം ടാക്സിക്കാറുകളിൽനിന്ന് മാത്രമാണ് നികുതി കൃത്യമായി ലഭിക്കുന്നത്. മറ്റ് വലിയ വാഹനങ്ങൾ സീറ്റുകളുടെ എണ്ണം കുറച്ചുകൊണ്ട് നികുതിയിൽ നിന്നും രക്ഷപ്പെടുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ദീർഘദൂര റോഡുകളിലോടുന്ന ബസ്സുകൾക്കും ഗ്രാമീണ റോഡുകളിലൂടെ ഓടുന്ന മിനി ബസ്സുകൾക്കും ഒരേ നികുതി ഏർപ്പെടുത്തുന്നത് അനീതിയാണ്. കേരളത്തിൽനിന്നും പോകുന്ന ടൂറിസ്റ്റ് പാസഞ്ചർ വാഹനങ്ങൾക്ക് അയൽ സംസ്ഥാനങ്ങളിൽ ഗ്രീൻ ടാക്സ് എന്ന പേരിൽ എൻട്രി ടാക്സ് ഈടാക്കുന്നതുപോലെ കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾക്കും എൻട്രി

ടാക്സ് ഏർപ്പെടുത്തണം. നാഷണൽ പെർമിറ്റ് ലോറികളുടെ കോമ്പോസിറ്റ് ടാക്സ് ചെക്ക്പോസ്റ്റിൽ അടയ്ക്കാനുള്ള സൗകര്യമുണ്ടാക്കണം. ലോറി ഉൾപ്പെടെ വലിയ വാഹനം വാങ്ങാൻ ലോൺ കൊടുക്കുന്ന ഫൈനാൻസിംഗ് ഏജൻസികളെ നിയന്ത്രിക്കണം. മോട്ടോർ വാഹന വർക്ക്ഷോപ്പുകൾക്കും ഗ്യാസ് കൺവെർട്ടർ സെന്ററുകൾക്കും ലൈസൻസ് ഏർപ്പെടുത്തണം. പ്രീ-യൂസ്ഡ് കാർ സെന്ററുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം. റെന്റ് എക്യാബ് പദ്ധതിയുടെ നിയമവ്യവസ്ഥകൾ ലഘൂകരിക്കണം. റോഡ് സേഫ്റ്റി നിയമം നടപ്പിലാക്കണം. സ്പീഡ് ഗവർണർ കേരളത്തിൽ മാത്രം നടപ്പാക്കുന്നത് ശരിയല്ല. അക്കാര്യത്തിൽ യൂണിഫോമിറ്റി ആവശ്യമാണ്. പരീക്ഷണാടിസ്ഥാനത്തിൽ രൂപീകരിച്ച സ്പെഷ്യൽ മൊബൈൽ സ്ക്വാഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കണം.. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്റ്റഡി ടൂറിനായി മറ്റ് സ്റ്റേറ്റുകളിലേയ്ക്ക് കൊണ്ടുപോകുന്ന സ്വന്തം വാഹനങ്ങൾക്ക് സ്പെഷ്യൽ പെർമിറ്റ് അനുവദിക്കണം. കെ.എസ്.ആർ.ടി.സി. യിൽ നിലവിലുള്ള സൗകര്യങ്ങൾ നാലിരട്ടി വർദ്ധിപ്പിച്ച് ഈ മേഖലയിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കണം. മലബാർ മേഖലയിലെ തിരൂർ സബ് ആർ.ടി. ഓഫീസ് റൂറൽ ആർ.ടി. ഓഫീസായി ഉയർത്തണം.

<u>ശ്രീ. യു.സി. രാമൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഡീസൽ ചാർജ്ജ് വർദ്ധനവുണ്ടായപ്പോൾ നികുതി കുറയ്ക്കാൻ സർക്കാർ തയ്യാറാകാത്തതാണ് കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം ഇത്രയും വർദ്ധിക്കാൻ കാരണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദിനംപ്രതിയുള്ള കളക്ഷനിൽ 40 ലക്ഷത്തോളം രൂപയുടെ കുറവുണ്ടായി. യു.ഡി.എഫ്-ന്റെ കാലത്ത് നിർത്തലാക്കിയ 25-ഓളം ഡി.ടി.ഒ. തസ്തികകൾ എൽ.ഡി.എഫ്. സർക്കാർ പുന:സൃഷ്ടിച്ചതുകൊണ്ട് അധിക സാമ്പത്തിക

ബാധ്യതയുണ്ടായതല്ലാതെ പ്രയോജനമൊന്നുമുണ്ടായില്ല. സാമ്പത്തിക പ്രതിസന്ധി കാരണം എം. പാനൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല. ടിക്കറ്റ് വിതരണ കാര്യത്തിൽ ഇലക്ട്രോണിക് സംവിധാനം വന്നതുകൊണ്ട് ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടതുണ്ടോ എന്ന കാര്യം ആലോചിക്കണം. കെ.എസ്.ആർ.ടി.സി. ബസ്സുകൾ നഷ്ടത്തിലോടുന്ന റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ ലാഭത്തിലോടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. കളക്ഷൻ ബത്ത നിരക്ക് വർദ്ധിപ്പിക്കണം. ബസുകളുടെ മെയിന്റനൻസ് കൃത്യസമയത്ത് നടത്തണം. ദീർഘദൂര ബസ്സുകൾ ആകർഷകമാക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. കോഴിക്കോട്, വയനാട് മേഖലകളിലേയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കണം.കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച ഡി.എ.യും നൽകാൻ നടപടി സ്വീകരിക്കണം. ഡിപ്പോകളോട് അനുബന്ധിച്ചുള്ള ക്യാന്റീൻ സംവിധാനം മെച്ചപ്പെടുത്തണം. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകളുണ്ടാക്കി വരുമാനം വർദ്ധിപ്പിക്കണം. പെർമിറ്റില്ലാത്ത വാഹനങ്ങളുടെ ഓട്ടം തടയണം. ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം ജനോപകാരപ്രദമാക്കണം. ബാങ്കുകളിൽ വാഹന ടാക്സ് അടയ്ക്കാൻ സംവിധാനമുണ്ടാക്കി ആർ.ടി.ഓഫീസുകളിലെ തിരക്ക് കുറയ്ക്കണം. നാഷണൽ പെർമിറ്റുള്ള ലോറികൾക്ക് ഫൈൻ ഏർപ്പെടുത്തുന്നതിന് എല്ലാ ജില്ലയിലും ഏകീകൃത നിരക്ക് നിശ്ചയിക്കണം. റോഡ് ടാക്സ്, പെർമിറ്റ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ കേരളത്തിൽ കൂടുതലാണെന്നതിനാൽ ഈ അപാകത പരിഹരിക്കണം. കേരളത്തിലേയ്ക്ക് വരുന്ന ലോറികളുടെ നികുതി വെട്ടിപ്പിന് പരിഹാരം കാണണം. സംസ്ഥാനത്തിലേയ്ക്ക് വരുന്ന

ലക്ഷ്വറി ബസ്സുകളിൽ ആവശ്യത്തിലധികം ലഗേജ് കയറ്റുന്നത് നിയന്ത്രിക്കണം. ചെക്ക്പോസ്റ്റിനടുത്ത് ഒരു ക്രോസ് ചെക്കിംഗ് സംവിധാന മുണ്ടാക്കാനും വിജിലൻസ് സ്ക്വാഡിനെ കാര്യക്ഷമമാക്കാനുമുള്ള സംവിധാനമുണ്ടാക്കണം. സ്വകാര്യ ബസ് ജീവനക്കാർക്ക് ക്ഷേമനിധി നടപ്പിലാക്കണം. സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുമ്പോൾ അപകടങ്ങൾക്ക് കാരണമാകുന്നവിധം ടൈമിംഗിലുള്ള അശാസ്ത്രീയത പരിഹരിക്കണം. തിരുവനന്തപുരത്തും ഷൊർണ്ണൂരുമുള്ള ഗവൺമെന്റ് പ്രസ്സുകളിൽ അധികമുള്ള ജീവനക്കാരെ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് നിയോഗിച്ച് അവിടത്തെ ആധുനിക ഉപകരണങ്ങൾ തുരുമ്പെടുത്തുപോകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. സ്കൂൾ പാഠപുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുന്നത് ലാഭകര മായിരിക്കും.

<u>ശ്രീ. പി. തിലോത്തമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി. നവീകരിക്കുന്നതിനും കടബാധ്യത ലഘൂകരിക്കുന്ന തിനും സ്വീകരിച്ചിട്ടുള്ള നടപടികളെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ 1988-ൽ വരുത്തിയ അമെന്റ്മെന്റാണ് കേരളത്തിലെ സ്റ്റേജ് ക്യാരേജ് രംഗത്ത് ഇത്രയേറെ പ്രയാസം വരുത്തിവച്ചത്. ഇന്ന് സ്റ്റേജ് കാര്യേജുകൾക്ക് പെർമിറ്റ് നൽകുന്നതിന് യാതൊരു നിയന്ത്രണവുമില്ല. ഇക്കാര്യത്തിൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കുണ്ടായിരുന്ന അധികാര ങ്ങളെല്ലാം എടുത്തുകളഞ്ഞതിനാൽ ആവശ്യം വേണ്ടതിനേക്കാൾ കൂടുതൽ സ്റ്റേജ് ക്യാരേജ് ഇന്ന് ഓപ്പറേറ്റ് ചെയ്യപ്പെടുന്നു. ടൈം ക്ലാഷ് പാടില്ലെന്നുള്ളതാണ് പെർമിറ്റ് കൊടുക്കുമ്പോഴുള്ള നിർദ്ദേശം. എന്നാൽ ആർ.ടി.ഒ. പെർമിറ്റ് വിതരണം ചെയ്യുമ്പോഴും ടൈം അലോട്ട് ചെയ്യുമ്പോഴും

ഒരേ ടൈമിൽത്തന്നെ നിരവധി പെർമിറ്റുകൾ നൽകുന്നത് റൂട്ടുകളിൽ നിരന്തരമായ മത്സരം സൃഷ്ടിക്കുന്നു എന്നത് അപകടങ്ങൾ പെരുകാൻ കാരണമാകുന്നു. ഡീസലിന്റെ അനിയന്ത്രിതമായ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. മാത്രമല്ല, സ്റ്റേജ് ക്യാരേജ് ഓപ്പറേറ്റ് ചെയ്യുന്ന മുഴുവൻ ആളുകളും ഇന്ന് ദുരിതമനുഭവിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ലാഭകര മാക്കുന്നതിനുവേണ്ടി ഡീസലിനു പകരം ഗ്യാസ് ഉപയോഗിക്കുന്ന സമ്പ്രദായം അടിയന്തിരമായി നടപ്പാക്കണം. ഈ മേഖലയിൽ പാസഞ്ചർ കോഡ്, പാർസൽ സർവ്വീസ് എന്നിവ ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. കൊറിയർ സർവ്വീസ് ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഡ്രൈവർമാർക്ക് ഹെവി വാഹനങ്ങൾ ഓടിക്കാനുള്ള പരിശീലനം കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓപ്പറേറ്റ് ചെയ്യാനുള്ള സാദ്ധ്യതകളെക്കുറിച്ച് ആലോചിക്കണം. എല്ലാ താലൂക്കു കളിലെയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുക എന്ന ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്ന തോടൊപ്പം ശബരിമലപോലെയുള്ള തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തി കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഇന്ന് 28,000 സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ദീർഘദൂര സർവ്വീസുകൾ ലാഭത്തിലാകുമ്പോൾ ഗ്രാമ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന സ്റ്റേജ് ക്യാരേജുകൾ സ്വാഭാവികമായും നഷ്ടത്തിലാകുമെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളണം. സർവ്വീസുകൾ നഷ്ടത്തിലാകുന്നതിന്റെ ഫലമായി ദുരിതമനുഭവിക്കേണ്ടിവരുന്ന തൊഴിലാളി കളുടെ ക്ഷേമനിധി ഉൾപ്പെടെയുള്ള കാര്യങ്ങളിലുള്ള ന്യൂനതകൾ പരിഹരിക്കണം. പുതിയ പെർമിറ്റുകൾ അനുവദിക്കുമ്പോൾ നിലവിലുള്ള

വ്യവസ്ഥകൾ പാലിക്കാൻ കഴിയണം. നിലവിലുള്ള സാഹചര്യമനുസരിച്ച് കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സ്റ്റേജ് ക്യാരേജ് ഓപ്പറേറ്റർമാർക്ക് ഉണ്ടാകേണ്ട യോഗ്യതകൾ കൃത്യമായി നിഷ്ക്കർഷിച്ച്, അപേക്ഷിക്കുന്ന ആർക്കും പെർമിറ്റ് അനുവദിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന നഷ്ടത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കത്തക്കരീതിയിൽ ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കാര്യക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. നൂറിൽ താഴെ ബസുകൾ സർവ്വീസ് നടത്തുന്ന തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് നൽകിവന്നിരുന്ന ആനുകൂല്യം പിൻവലിച്ചതിന്റെ ഫലമായി ഈ മേഖല നേരിടുന്ന തകർച്ചയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

<u>പ്രൊഫ: എൻ. ജയരാജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ട്രാഫിക് ആക്സിഡന്റുകൾ കുറയ്ക്കാനുള്ള ചർച്ചയും സമഗ്രമായ നിയമ നിർമ്മാണവും ഉണ്ടാകണം. ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന സമ്പ്രദായത്തിൽ കാലോചിതമായ മാറ്റം ഉണ്ടാകണം. ലൈസൻസില്ലാതെ ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നതും കാഴ്ചക്കുറവുള്ളവർ വാഹനമോടി ക്കുന്നതും റോഡുകളുടെ ഭൂരിഭാഗവും കവർചെയ്ത് സ്വകാര്യവ്യക്തികൾ സാധനങ്ങൾ ഡമ്പ് ചെയ്യുന്നതും തിരക്കുള്ള സമയങ്ങളിൽ റോഡിൽ വർക്ക് നടത്തുന്നതും അപകട നിരക്ക് വർദ്ധിപ്പിക്കുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ 70 ശതമാനവും ട്രാഫിക് അപകടങ്ങളുമായി ബന്ധപ്പെട്ടുള്ളവയാണ്. റോഡുകളുടെ ശോച്യാവസ്ഥ

ഒരു പ്രധാന ഘടകമാണെങ്കിലും ഒരു സാമൂഹ്യ പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ ഗൗരവമായ ചർച്ച ഉണ്ടാകണം. ലാഭകരമായി നടത്താൻ കഴിയുന്ന ഒട്ടേറെ ഷെഡ്യൂളുകളുള്ള പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോ വിപുലീകരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം കുറച്ചുകൊണ്ടുവരാൻ ശ്രമിക്കണം; ഇതിനായി പ്രൊഫഷണൽ മാനേജ്മെന്റുകളെ കൊണ്ടുവരണം. ഈ സ്ഥാപനത്തിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ റീ–അറേഞ്ച് ചെയ്യണം. ലാഭകരമായ റൂട്ടുകൾ ഏതെന്ന് പരിശോധിച്ച് ആ റൂട്ടിലേയ്ക്കുള്ള ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കണം. വാഴൂർ ഗവൺമെന്റ് പ്രസ്സിൽ സ്വന്തമായ ജനറേറ്ററോ ജീവനക്കാർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സോ ഇല്ല. അവിടെയുള്ള 15 വർഷം പഴക്കമുള്ള ഓഫ്സെറ്റ് മെഷീനും ലറ്റർ പ്രിന്റിംഗ് മെഷീനുമെല്ലാം ആധുനികവൽക്കരിക്കണം. ഇപ്പോൾ സ്വകാര്യ പ്രിന്റിംഗ് മേഖലയിൽ കൊടുക്കുന്ന പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് വർക്കുകൾ ഗവൺമെന്റ് പ്രസ്സുകളിൽ കൊടുക്കണം.

<u>ശ്രീ. എം.കെ പ്രേംനാഥ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും നടപടികൾ സ്വീകരിച്ചു. എം.വി.ഐ, എ.എം.വി.ഐ. എന്നീ തസ്തികകൾ കൂടുതൽ അനുവദിച്ചുകൊണ്ട് വാഹന പരിശോധന കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. ആർ.ടി. ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കൽ എന്നിവ ഉണ്ടാകണം. അച്ചടിരംഗത്ത് കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി സർക്കാരിന്റെ കീഴിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ പ്രസ്സ്

സ്ഥാപിക്കണം. കോഴിക്കോട്ടും തിരുവനന്തപുരത്തും അച്ചടി പരിശീലനത്തിനുള്ള കോഴ്സുകൾ ആരംഭിക്കണം. അച്ചടിരംഗത്തും കെ.എസ്.ആർ.ടി.സി.യുടെ വികസനത്തിന്റെ കാര്യത്തിലും ഒട്ടനവധി പുരോഗതി ഉണ്ടായിട്ടുണ്ട്. കോഴിക്കോട്ടും വടകരയിലുമുള്ള കെ.എസ്.ആർ. ടി.സി. ഡിപ്പോകൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം. മുൻ സർക്കാർ നിയോഗിച്ചിരുന്ന സാമ്പത്തിക ഉപദേശകരെ മാറ്റിയതുമൂലം ഈ കോർപ്പറേഷന്റെ പ്രവർത്തന ത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ നേതൃത്വത്തിൽ ശാസ്ത്രീയമായ രീതിയിൽ വർക്ക്ഷോപ്പുകൾ നടത്തി സാമ്പത്തികനേട്ടം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം..

ശ്രീ. വി. സുരേന്ദ്രൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലുള്ള ഏത് പൊതുമേഖലാ സ്ഥാപനം പരിശോധിച്ചാലും കെ.എസ്.ആർ.ടി.സി.യെപ്പോലെ ലാഭമുണ്ടാക്കാൻ പറ്റുന്ന ഒരു സ്ഥാപനം വേറെയില്ലെന്ന് കാണാം. കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ റീ-ഷെഡ്യൂൾ ചെയ്ത് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുകയും നഷ്ട ത്തിലോടുന്ന ഷെഡ്യൂളുകൾ നിറുത്തലാക്കുകയും ചെയ്യണം. ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ച് വാടകയ്ക്ക് കൊടുത്താൽ കെ.എസ്.ആർ.ടി.സി.ക്ക് വളരെയധികം വരുമാനം ഉണ്ടാക്കാൻ സാധിക്കുമെന്നതിനാൽ അതിനെ ക്കുറിച്ച് ആലോചിക്കണം.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്. ആർ.ടി.സി. ഒരു സേവന മേഖലയാണ്. ദിവസം കഴിയുംതോറും ഷെഡ്യൂളു കൾ നിറുത്തലാക്കിക്കൊണ്ടിരിക്കുന്നതിനാൽ യാത്രാക്ലേശം രൂക്ഷമാവുകയും കൺട്രോളിംഗ് ഇൻസ്പെക്ടർമാർ പ്രൈവറ്റ് ബസ്സുടമകൾക്ക് ലാഭമുണ്ടാക്കി

കൊടുക്കുകയും ചെയ്യുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിക്കണം. ബസ്സുകൾ കൃത്യസമയത്ത് സർവ്വീസ് നടത്താനുള്ള നടപടിയുണ്ടാകണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കണം. സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നല്കി കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തണം.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ നാല് മാസത്തെ കെടുകാര്യസ്ഥത കെ.എസ്.ആർ.ടി.സി.-യെ നഷ്ട ത്തിലാക്കിയിരിക്കുകയാണ്. ആധുനികവൽക്കരണവും കമ്പ്യൂട്ടറൈസേഷനും കൊണ്ടുമാത്രമേ ഗതാഗത വകുപ്പിലേയും മോട്ടോർ വകുപ്പിലേയും അഴിമതി കുറയ്ക്കാൻ കഴിയുകയുള്ളു. 2001-ൽ കമ്പ്യൂട്ടറൈസേഷൻ ഫാസ്റ്റ് എന്ന സംവിധാനത്തിനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോഴും പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാനും കാലാകാലങ്ങ ളിൽ പരിഷ്ക്കരിക്കുവാനും കഴിയാത്തതുകൊണ്ട് സ്വകാര്യ പങ്കാളിത്ത ത്തോടുകൂടി ഹാർഡ്വെയർ അടക്കമുള്ള കാര്യങ്ങൾ പ്രൊവൈഡ് ചെയ്ത് കാലതാമസമുണ്ടാക്കാതെ നടപ്പിലാക്കണം. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വാഹനാപകടങ്ങൾ വൻ തോതിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ മദ്യപിച്ചും അമിത വേഗത്തിലും മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടും വണ്ടി ഓടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ഫൈൻ ഈടാക്കുകയും ചെയ്യണം. ഹൈവേയിൽ നടക്കുന്ന അപകടങ്ങൾക്ക് സഹായമെത്തിക്കാനും വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോഴുള്ള ഒഫൻസ് നിയന്ത്രിക്കാനും ഹൈവേ പട്രോളിംഗ് ശക്തിപ്പെടുത്തണം. റോഡ് റോളറുകൾ നിയമപരമായി രജിസ്റ്റർ ചെയ്യാത്തതിനും ടാക്സ്

അടയ്ക്കാത്തതിനുമെതിരെ നടപടി സ്വീകരിക്കണം. പ്രൈവറ്റ് ബസ്സുകളെ നിയന്ത്രിക്കാൻ റൂട്ട് ഫോർമുലേറ്റ് ചെയ്യണം. പ്രൈവറ്റ് ബസ്സുകളുടെ എണ്ണം നിയന്ത്രിക്കുവാനും മത്സരയോട്ടത്തിലൂടെയുള്ള അപകടങ്ങൾ ഒഴിവാക്കാനുമായി ഈ സമ്മേളനത്തിൽത്തന്നെ നിയമനിർമ്മാണം നടത്തണം. 30,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്ന കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിച്ചിട്ടുള്ള .29 നിർദ്ദേശങ്ങളെക്കുറിച്ച് പരിശോധിക്കണം. ബസ്സുകൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തിയാൽ മാത്രമേ ഈ സ്ഥാപനം രക്ഷപ്പെടുകയുള്ളു. യാത്രക്കാരുടെ ഉപയോഗം കണക്കിലെടുത്ത് കമ്പ്യൂട്ടറൈസ്ഡ് ഷെഡ്യൂൾഡ് സിസ്റ്റം കൊണ്ടുവരുകയും കൊറിയർ സർവ്വീസ് ആരംഭിക്കുകയും ചെയ്യണം. ആളുകളെ ആകർഷിക്കുന്ന തരത്തിൽ സ്വർണ്ണതംബോല പോലെ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും വച്ച് ടിക്കറ്റിൻമേൽ നറുക്കെടുപ്പു നടത്തി സമ്മാനം നല്കുന്ന ഒരു പദ്ധതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. 50 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റിന് 50 പൈസയും 100 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റിന് ഒരു രൂപയും ഏർപ്പെടുത്തി പാസ്സഞ്ചേഴ്സ് വെൽഫെയർ ഫണ്ട് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം

ശ്രീ. പി.സി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആർ.ടി.ഒ. ബോർഡുകളിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ച് നിയമത്തിൽ മാറ്റം വരുത്തിയാൽ ഗുണകരമായിരിക്കും. ഇന്ന് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്. ആർ.ടി.സി.യിലെ ജീവനക്കാരുടെ പെൻഷൻ തുകയ്ക്കു തുല്യമായ തുക

സർക്കാരിൽനിന്നും വാങ്ങിയെടുക്കാനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കണം. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസുകളെ അപേക്ഷിച്ച് പ്രൈവറ്റ് ബസ്സുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതുകൊണ്ടും ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതുകൊണ്ടും കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ കഴിയുകയില്ല. ഈരാറ്റുപേട്ടയിലെ വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനരാരംഭിക്കണം. സർവ്വീസുകൾ മുടങ്ങാതെയും കൃത്യസമയത്തും ഓടിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കണം.

<u>ശ്രീ. എം. ജെ. ജേക്കബ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. യിൽ നിലനിൽക്കുന്ന പ്രതിസന്ധി തരണം ചെയ്ത് മുന്നോട്ടുപോകുന്നതിനായി ഒരു ദീർഘവീക്ഷണം ആവശ്യമാണ്. കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിതനഷ്ടം 1500 കോടി രൂപയാണ്. വെറും ലാഭത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ല കെ.എസ്.ആർ. ടി.സി. നിലവിലുള്ള ഷെഡ്യൂളുകൾ നിലനിർത്തണം. കാര്യങ്ങൾ റെഗുലറായി പോകണം. ഒരു കാരണവശാലും ഈ മേഖലയെ പുറകോട്ടുപോകാൻ അനുവദിക്കരുത്. കൂടുതൽ ബസ്സുകൾ ഇറക്കുകയും റൂട്ടുകൾ അനുവദിക്കുകയും ചെയ്യണം. ബുദ്ധിപൂർവ്വം കാര്യങ്ങൾ നീക്കണം. പഴയകാലത്തെ അപേക്ഷിച്ച് ഇപ്പോൾ ട്രാൻസ്പോർട്ട് ബസ്സുകൾ സ്റ്റോപ്പുകളിൽ നിറുത്താൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കുന്നുണ്ട്. സി.ഐ.ടി.യു.പോലുള്ള തൊഴിലാളി പ്രസ്ഥാനങ്ങളാണ് കെ.എസ്.ആർ.ടി.സി.യെ പിടിച്ചുനിറുത്തുന്നത്. കെ.എസ്. ആർ.ടി.സി.യെ നന്നാക്കാനുള്ള സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. ലക്ഷ്വറി

ടൈപ്പ് ബസ്സുകളും ദീർഘദൂര ബസ്സുകളും മറ്റും നിരത്തിലിറക്കിയാൽ ആ വകയിൽ കോർപ്പറേഷന് കുറച്ചു നേട്ടമുണ്ടാക്കാൻ കഴിയും. കെ.എസ്.ആർ.ടി.സി.യെ നഷ്ടമില്ലാത്ത വിധത്തിൽ മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അപകടങ്ങൾ ഒഴിവാക്കുന്ന തിന് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. സർവ്വീസ് നടത്തി ക്കൊണ്ടിരുന്ന തിരുവനന്തപുരം–പിറവം, പിറവം–സുൽത്താൻബത്തേരി ബസ് സർവ്വീസുകൾ പുനരാരംഭിക്കണം. പിറവം പഞ്ചായത്തിൽ പണിതുകൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണം. മുളന്തുരുത്തി, പിറവം എന്നിവിടങ്ങളിൽ ടാക്സ് അടയ്ക്കാനുണ്ടായിരുന്ന സൗകര്യം പുന:സ്ഥാപിക്കണം.

<u>ശ്രീ. എ.എ. അസീസ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് വന്നശേഷം ഇന്ത്യൻ ഓയിൽ കോർപ്പറേഷന് കൊടുക്കാനു ണ്ടായിരുന്ന 100 കോടി രൂപയിൽ 72 കോടിയോളം രൂപ കൊടുത്തു തീർക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് കഴിഞ്ഞു. പൊതുജന സേവനം ഉദ്ദേശിച്ചുകൊണ്ട് ലാഭകരമായി നടത്തേണ്ട പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ സ്പെയർ പാർട്സ് വാങ്ങിയ വകയിൽ ധാരാളം അഴിമതി നടന്നിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഗവണ്മെന്റിന്റെ ഗ്രാന്റുകൊണ്ടാണ് ട്രാൻസ്പോർട്ട് പ്രവർത്തിക്കുന്നത്. ഒരു റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന ബസ് കേടായാൽ പകരം ബസ് അയയ്ക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാന മുണ്ടാകണം. നിശ്ചിത റേറ്റിൽ ജീവനക്കാർക്ക് സീസൺ ടിക്കറ്റ് നൽകുന്ന കാര്യം പ്രായോഗികമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. കൂടുതൽ ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.യിലെ നഷ്ടം കുറയ്ക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കണം. 25 വർഷംമുമ്പ് ഉമയനല്ലൂരിൽ തറക്കല്ലിട്ട് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രിന്റിംഗ് പ്രസ്സിന്റെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള പ്രധാനപ്പെട്ട സേവനമേഖലയായ കെ.എസ്.ആർ.ടി.സി.യെ ഉത്തര കേരളത്തിൽക്കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടും റോഡിന്റെ ഗുണനിലവാരത്തിൽ മാറ്റം വരാത്തതിനാൽ അപകടങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. റോഡപകടങ്ങൾ നിരീക്ഷിക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ആവശ്യമാണ്. ആർ.ടി. ഓഫീസിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി വിവിധാവശ്യങ്ങൾക്കുള്ള അപേക്ഷകൾ നേരിട്ട് നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണം. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. ബസ്സുകളുടെ സ്പെയർ പാർട്ട്സ് സംസ്ഥാനത്തുതന്നെ ഉണ്ടാക്കത്തക്ക വിധത്തിൽ വർക്ക്ഷോപ്പുകൾ വിപുലീകരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണം. പ്രൈവറ്റ് ബസ് വന്നു നിൽക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബസ് സ്റ്റാന്റുകളിൽ കെ.എസ്.ആർ.ടി.സി.ക്കുവേണ്ടി പ്രത്യേക യാർഡ് അനുവദിക്കണം. റൂട്ട് അനുവദിക്കുമ്പോൾ മുന്തിയ പരിഗണന സർക്കാരിന്റെ കീഴിലുള്ള കെ.എസ്.ആർ.ടി.സി.ക്ക് ആയിരിക്കണമെന്ന ധാരണ ഉദ്യോഗസ്ഥരിൽ ഉണ്ടാകണം. ഓട്ടോറിക്ഷകളിൽ

20-ഓളം സ്കൂൾ കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്നതും കണ്ടം ചെയ്ത ബസ്സുകൾ സ്കൂൾ ബസ്സായി ഉപയോഗിക്കുന്നതും പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം വേണം. റോഡുകളുടെ വീതിയും ഗുണമേന്മയും വർദ്ധിപ്പിക്കണം. വയനാട് പോലുള്ള മലയോര മേഖലകളുടെ വികസനത്തിനാവശ്യമായ ശ്രമങ്ങൾ നടത്തണം. സംസ്ഥാനത്തെ ജല ഗതാഗതം ടൂറിസം ഓറിയന്റഡായി പുന:സംഘടിപ്പിക്കണം. കോവളം മുതൽ നീലേശ്വരം വരെയുള്ള കനാൽ ശൃംഖല ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ചെറുകിട തുറമുഖ വികസനത്തെ സ്വാഗതം ചെയ്യുന്നു. വിഴിഞ്ഞം തുറമുഖ വികസന കാര്യത്തിൽ രാഷ്ട്രീയം കാണുന്നത് ശരിയല്ല. സർക്കാർ പ്രസ്സുകൾ നവീകരിച്ച് ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. രാജൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് മാസംകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ ഒരു പരിധി വരെ മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനവും പബ്ളിക് യൂട്ടിലിറ്റി സർവ്വീസുമായ കെ.എസ്.ആർ.ടി.സി. ഇന്ന് 1500 കോടി രൂപയുടെ നഷ്ടത്തിലാണ്. പെൻഷനുൾപ്പെടെ സേവന-വേതന വ്യവസ്ഥകൾ അനുസരിച്ച് അർഹമായ ആനുകൂല്യങ്ങൾ നൽകുന്ന ഏക പൊതുമേഖലാ സ്ഥാപനമാണിത്. യാത്രക്കാർക്ക് വിവിധ രീതിയിലുള്ള നിരവധി കൺസഷൻ കെ.എസ്.ആർ.ടി.സി. അനുവദിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം ചെയ്യാത്ത പല നല്ല കാര്യങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ കോർപ്പറേഷനിൽ നടപ്പാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. കെ.എസ്. ആർ.ടി.സി.യിൽ അഴിമതി ഇല്ലാതാക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ

പ്രഥമ ലക്ഷ്യമെങ്കിലും മോട്ടോർ വാഹന വകുപ്പ് നിരവധി അഴിമതി ആക്ഷേപങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. അഴിമതി തടയാൻ മാനേജുമെന്റിനെക്കൊണ്ട് നിരവധി കാര്യങ്ങൾ ചെയ്യിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ആർ.ടി,. ജോയിന്റ് ആർ.ടി ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കാനും ആർ.ടി. ഓഫീസുകളിൽ വരുന്നവർക്ക് കമ്പ്യൂട്ടർവഴി ടോക്കൺ നൽകി സീനിയോറിറ്റി അനുസരിച്ച് പരിഗണിക്കാനുമുള്ള നടപടി സ്വീകരിക്കണം. വാഹനങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടും 1975–ൽ ഉണ്ടായിരുന്ന സ്റ്റാഫ് പാറ്റേണാണ് മോട്ടോർ വാഹന വകുപ്പിൽ ഇന്നും നിലനിൽക്കുന്നത്. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് ഫീൽഡ് സ്റ്റാഫിന്റെ എണ്ണത്തിലും കാലോചിതമായ മാറ്റം ഉണ്ടായാൽ മാത്രമേ വാഹന പരിശോധന ഫലപ്രദമായി നടത്താൻ കഴിയൂ. ഓരോ വർഷവും റോഡ് അപകടങ്ങൾ മൂന്നിരട്ടിയും മരണസംഖ്യ രണ്ടിരട്ടിയുമായും വർദ്ധിക്കുന്നു. റോഡ് സേഫ്റ്റിയുടെ ഉത്തരവാദിത്വം ഗവൺമെന്റിനാണ്. റോഡ് അപകടങ്ങൾ തടയുന്നതിനായി പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ആവശ്യമായ സ്റ്റാഫിനെ നൽകി ശക്തിപ്പെടുത്തണം. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന വകുപ്പുകളിൽ ഒന്നാണ് മോട്ടോർ വാഹന വകുപ്പെങ്കിലും ഇതിന്റെ വികസനത്തിന് വേണ്ടത്ര തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നില്ല. ഫീൽഡ് സ്റ്റാഫിന് വാഹനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകണം. എല്ലാ ആർ.ടി., ജോയിന്റ് ആർ.ടി. ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കണം. കെ.എസ്.ആർ.ടി.സി. നഷ്ടത്തിലായതുകൊണ്ട് ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്ന പ്രവണത ശരിയല്ല; പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ കിളിമാനൂർ സബ് ഡിപ്പോയിൽ വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുന:സ്ഥാപിക്കണം.

അശാസ്ത്രീയമായ ഫെയർ സ്റ്റേജുകളെ സംബന്ധിച്ച് പരിശോധിച്ച് അപാകതകൾ മാറ്റണം.

ശ്രീ. കെ.കെ. ദിവാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റ് പ്രസ്സുകളിൽ വർക്ക് കിട്ടുന്നില്ലെന്ന ആക്ഷേപം നിലവിലുണ്ട്. സർക്കാർ പ്രസിദ്ധീകരണങ്ങളുടേയും പാഠപുസ്തകങ്ങളുടേയും അച്ചടി ഗവൺമെന്റ് പ്രസ്സുകൾക്ക് നൽകി അവയെ ലാഭകരമായി പ്രവർത്തിപ്പിക്കുന്ന തിന് നടപടി സ്വീകരിക്കണം. അയൽ സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ നാഷണൽ പെർമിറ്റുള്ള വാഹനങ്ങൾക്കുള്ള ആതറൈസേഷൻ ചാർജ് വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കണം. ഈ വകുപ്പിന്റെ വികസനത്തിന് ബഡ്ജറ്റിൽ കൂടുതൽ സംഖ്യ അനുവദിക്കാൻ നടപടി സ്വീകരിക്കണം. എടപ്പാളിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കാനും വാഹന പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാനും അടിയന്തിര നടപടി സ്വീകരി ക്കണം. മോട്ടോർ വാഹന വകുപ്പുകളിലെ ചെക്ക്പോസ്റ്റുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങ ളിൽനിന്നും കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ടൂറിസ്റ്റ് ബസ്സുകളുടെ സർവ്വീസ് നിയന്ത്രിച്ചില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യ മായി കുറയും. ദിവസന്തോറും ആറായിരത്തിലധികം ടൂറിസ്റ്റ് ബസ്സുകൾ കേരളത്തിലേയ്ക്കു വരുന്നത് നിയന്ത്രിക്കണം. നോട്ടിഫൈഡ് റൂട്ടിൽ അനധികൃതമായി സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കണം. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കണം. നിയമവിരുദ്ധമായി അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് നടത്തിക്കൊണ്ടി രിക്കുന്ന. സർവ്വീസുകൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കണം. 2007–ൽ പെർമിറ്റിന്റെ കാലാവധി അവസാനിക്കുന്നത് മുൻകൂട്ടി കണ്ട് 2006–ൽത്തന്നെ

അത് റിന്യൂ ചെയ്യുന്ന പതിവ് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ട്രാൻസ്പോർട്ട് നയം കൊണ്ടുവരണം. വാഹനപെരുപ്പത്തിന് പരിഹാരം കാണേണ്ടത് ആവശ്യമാണ്. സ്വകാര്യ ബസ് ജീവനക്കാരുടെ ഫെയർ വേജസ് പുതുക്കണം. റോഡ് സേഫ്റ്റി കമ്മിറ്റികളിൽ മോട്ടോർ തൊഴിലാളികൾക്ക് പ്രാതിനിധ്യം നൽകണം. ജവഹർലാൽ റിന്യൂവൽ മിഷന്റെ സഹായം ലഭ്യമാക്കണം. ഒരു പബ്ളിക് യൂട്ടിലിറ്റി സർവ്വീസായ കെ.എസ്.ആർ.ടി.സി.യെ ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ പരിഗണി ക്കാൻ പാടില്ല. ഈ ഗവൺമെന്റ് 67 കോടി രൂപയുടെ സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചു. ഇപ്പോൾ ഈ സ്ഥാപനത്തിൽ ആശ്രിത നിയമനം പൂർണ്ണമായും നടത്താൻ നടപടി സ്വീകരിച്ചു. ജീവനക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ നൽകി. പി.എസ്.സി. ലിസ്റ്റ് അനുസരിച്ചുള്ള നിയമനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 31 റൂട്ടുകൾ സ്വകാര്യവൽക്കരിക്കാൻ സ്വീകരിച്ച നടപടി ഈ ഗവൺമെന്റ് പുന:പരിശോധിക്കാൻ തീരുമാനിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ അഴിമതി നടന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് വാങ്ങിയ ടയർ, വെൽഡിംഗ് കേബിൾ മുതലായവ ഗുണനിലവാരമില്ലാത്തവയായതി നാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. വില മുൻകൂറായി കൊടുത്തതുകൊണ്ട് കമ്പനികൾ സാധനം തിരിച്ചെടുക്കുന്നതുമില്ല. ഈ ഗവണ്മെന്റ് സ്റ്റോർ സംവിധാനം കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ബസ് ബോഡി നിർമ്മാണം നടത്തിയതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണം. ഹൈക്കോടതിയുടെ

ബസ്സുകളും എ.സി. ബസ്സുകളും മിനി ബസ്സുകളും ലേലത്തിൽ വിറ്റ് ആ കാശുകൊണ്ട് പുതിയ ബസ്സുകൾ വാങ്ങണം. സ്വകാര്യ ബസ്സുടമകളെ സഹായിക്കുന്ന മാനേജ്മെന്റ് നടപടികൾ പരിശോധനയ്ക്ക് വിധേയമാക്കണം. മാനേജ്മെന്റിൽ വർക്കേഴ്സ് പാർട്ടിസിപ്പേഷൻ ഉറപ്പുവരുത്തണം. പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ധനസഹായം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഗവണ്മെന്റ് പ്രഖ്യാപിച്ച മിനിമം വേതനവും ഡി.എ.-യും എംപാനൽ ജീവനക്കാർക്കും ലഭ്യമാക്കണം. പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയെ ഇന്റർ സ്റ്റേറ്റ് ടെർമിനലായി വികസിപ്പിക്കുകയും വടക്കാഞ്ചേരിയിൽ ഒരു ഫ്യുവൽ ഫില്ലിംഗ് സ്റ്റേഷൻ അരംഭിക്കുകയും വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സെൻട്രൽ ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കെ.എസ്.ആർ.ടി.സി. യുടെ നയപരമായ കാര്യങ്ങളിലല്ലാതെ അതിന്റെ പ്രവർത്തനത്തിൽ വകുപ്പുമന്ത്രി ഇടപെടുന്നത് നിയമവിരുദ്ധമാണ്. കെ.എസ്.ആർ.ടി.സി.-യിൽ പർച്ചേസ് നടത്തുന്നത് ഡയറക്ടർ ബോർഡ് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. പർച്ചേസ് നടത്തിയതിൽ ക്രമക്കേടുകളുണ്ടെങ്കിൽ അന്വേഷണം നടത്തി നടപടിയെടുക്കണം. ഗവണ്മെന്റ് നടത്തുന്ന പ്രഖ്യാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ട ബാധ്യത കോർപ്പറേഷനായതിനാൽ സാമ്പത്തികബാധ്യത കൂടുകയും സ്ഥാപനം നഷ്ടത്തിലെത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലയളവിൽ കെ.എസ്.ആർ.ടി.സി-ക്ക് 20 കോടി രൂപയും ജീവനക്കാർക്ക് 23 ശതമാനം ഡി.എ.യും കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിപക്ഷ മെമ്പർമാരുടെ മണ്ഡലങ്ങളിലെ ഷെഡ്യൂളുകൾ

ക്യാൻസൽ ചെയ്യുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. റോഡുകൾ ഗതാഗതയോഗ്യമാക്കി അപകടങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കണം. റോഡ് ഗതാഗതത്തെക്കുറിച്ച് പഠിക്കാൻ പുതിയ കമ്മിഷനെ നിയമിക്കാനുള്ള തീരുമാനം അനാവശ്യമാണ്.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u>: ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിച്ച അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. കെ.എസ്.ആർ.ടി.സി. രൂപം കൊണ്ടതുമുതൽ തുടങ്ങിയ നഷ്ടം 2006 ആയപ്പോൾ 150 കോടി രൂപയിലെത്തിയിരിക്കുകയാണ്. ആ നഷ്ടം കുറയ്ക്കാൻവേണ്ടി ഇച്ഛാശക്തിയുള്ള നടപടികളാണ് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. പ്രതിമാസം 15 കോടിയോളം രൂപ ചെലവിനായി വേണ്ടിവരുന്നതിൽ എട്ടേകാൽ കോടിയോളം രൂപ വായ്പയെടുക്കുകയും വായ്പ തിരിച്ചടവിനുള്ള തുക വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ഗവണ്മെന്റിന്റെ സാമ്പത്തിക സഹായമില്ലാതെ ഒരു പബ്ളിക് യൂട്ടിലിറ്റി സർവ്വീസായി മാത്രം കെ.എസ്.ആർ.ടി.സി. തുടരണമെന്നുള്ളത് അസാധ്യമായ കാര്യമാണ്. വരുമാനത്തേക്കാൾ കൂടുതൽ ചെലവു വരുമ്പോൾ അതിനുള്ള തുക പണമായി ഗവണ്മെന്റ് കൊടുക്കുകയും നഷ്ടം കുറച്ചുകൊണ്ടുവരാനുള്ള നിർദ്ദേശങ്ങൾ മാനേജ്മെന്റിന് കൊടുക്കുകയുമാണ് വേണ്ടത്. കെ.എസ്.ആർ.ടി.സി.യുടെ ഇ.പി.കെ.എം. ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ ദേശീയ ശരാശരിയേക്കാൾ കുറവാണ്. മൈലേജ് പെർ ലിറ്റർ ദേശീയ ശരാശരിയേക്കാൾ കുറവും. ടയറുകളുടേയും ട്യൂബുകളുടേയും ഉപയോഗം കൂടുതലുമാണ്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ

പുന:ക്രമീകരിക്കുന്നതിനെപ്പറ്റി ആലോചിക്കാനായി ഡിപ്പോ തലത്തിൽ എം.എൽ.എ.മാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മാനേജ്മെന്റ് പ്രതിനിധികളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും ഒരു യോഗം കൂടിയിരുന്നു. മിനി ബസ്സുകൾ ലാഭകരമല്ലെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളണം. 10,000 രൂപയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകൾ സർവ്വീസ് നടത്താൻ കഴിയില്ല. രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഷെഡ്യൂളുകൾ നിശ്ചയിക്കുന്നത് നഷ്ടത്തിനിടയാക്കുന്നുണ്ട്. 2006 സെപ്റ്റംബർ മാസത്തെ പ്രതീക്ഷിക്കുന്ന വരുമാനം 72 കോടി 95 ലക്ഷം രൂപയും ചെലവ് 87 കോടി 72 ലക്ഷം രൂപയുമാണ്. ഈ നഷ്ടം കുറച്ച് തൊഴിൽ സുരക്ഷ ഉറപ്പാക്കി ലാഭകരമാക്കാനുള്ള ഇച്ഛാശക്തിയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. 2005 മേയ് മാസം 71.2 കോടി രൂപയായിരുന്ന കോർപ്പറേഷന്റെ വരുമാനം 2006 മേയ് മാസമായപ്പോൾ 75.7 കോടി രൂപയായി വർദ്ധിച്ചു. ജൂൺ–ജൂലായ് മാസങ്ങളിൽ മഴക്കാലമായതിനാൽ പൊതുവേ കളക്ഷൻ കുറവാണ്. 2005–ലെ ഓണം സീസണിൽ 13 ദിവസത്തെ കളക്ഷൻ 30.12 കോടി രൂപയായിരുന്നത് 2006–ലെ ഓണം സീസണിൽ 33.42 കോടിരൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓഫ് ടൈമിൽ ഷെഡ്യൂളുകൾ കുറയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 2005–ലേതിനേക്കാൾ E.P.K.M. 2006 – ൽ കൂടുതലാണ്. ശ്രദ്ധയോടെ മാനേജ് ചെയ്ത് കോർപ്പറേഷനെ രക്ഷിക്കാൻ ശ്രമിക്കുകയാണ്. അതിന് ചില നിയന്ത്രണങ്ങളും ജനപ്രിയമല്ലാത്ത നടപടികളും ആവശ്യമാണ്. തീരെ ഗതാഗത സൗകര്യമില്ലാത്ത റൂട്ടുകളിൽ കളക്ഷൻ കുറഞ്ഞാലും സർവ്വീസ് ഒഴിവാക്കാതെ മറ്റ് റൂട്ടുകളിൽ നിന്നും അത് നികത്താൻ തക്കവിധത്തിൽ പുന:ക്രമീകരണത്തിന് ആവശ്യമായ ഉത്തരവാദിത്വം

ജനപ്രതിനിധികൾ ഏറ്റെടുക്കണം. നഷ്ടം നികത്തുന്നതിന് ആവശ്യമായ പ്ലാനിംഗ് ഡിപ്പോ തലത്തിൽ ഉണ്ടാകണം. ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ തുക അനുവദിച്ചു. കോർപ്പറേഷന് കഴിഞ്ഞ 100 ദിവസത്തിനുള്ളിൽ 47 കോടി രൂപ സർക്കാർ നൽകുകയുണ്ടായി. ശബരിമല സീസണിൽ ആവശ്യമായ സർവ്വീസുകൾ നടത്തുന്നതാണ്. ഇത്തരം സർവ്വീസുകൾ ലാഭകരമാക്കണമെങ്കിൽ റൂട്ടുകൾ റാഷണലൈസ് ചെയ്യണം. നിലവിലുള്ള K.M.P.L. ഫ്യുവൽ എഫിഷ്യൻസി 4.01–ൽ നിന്ന് 4.5 ആക്കി വർദ്ധിപ്പിച്ചാൽ കോർപ്പറേഷന് പ്രതിമാസം 4.50 കോടി രൂപയുടെ ലാഭമുണ്ടാകും. എ.സി., സെമി സ്ളീപ്പർ, സൂപ്പർ ഡീലക്സ് ഉൾപ്പെടെ 23 ബസ്സുകളിൽ 11 എണ്ണത്തിൽ സീറ്റ് ബെൽറ്റ് ഘടിപ്പിച്ചതിൽ കെ.എസ്.ആർ.ടി.സി.ക്ക് ചെലവായത് 10000 രൂപയോളമാണ്. 12 ബസ്സുകളിൽ സീറ്റ് ബെൽറ്റ് ആദ്യമേ ഉണ്ടായിരുന്നു. സീറ്റ് ബെൽറ്റ് വച്ചതിൽ കെ.എസ്.ആർ.ടി.സി.ക്ക് 15 കോടി രൂപയുടെ ബാദ്ധ്യതയുണ്ടായി എന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഓയിൽ കമ്പനികൾക്ക് കൊടുക്കാനുള്ള തുക ക്രമാതീതമായി വർദ്ധിച്ച് ഇപ്പോൾ ഏതാണ്ട് 100 കോടി രൂപയോളമായിട്ടുണ്ട്. കുടിശ്ശിക അടച്ച് കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനും പബ്ളിക്ക് യൂട്ടിലിറ്റി സർവീസ് ആക്കി നിലനിറുത്താനും നയപരമായ തീരുമാനങ്ങൾ ഉൾപ്പെട്ട ഒരു പാക്കേജ് ആവശ്യമാണ്. കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിൽ നടത്തുന്ന Monthly Conference-കളിൽ എം.എൽ.എ.മാർ പങ്കെടുക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൊടുക്കാനുള്ളതിൽ 4 ശതമാനം ഡി.എ. കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചു. ബസ്സ്ചാർജ് വർദ്ധിപ്പിക്കേണ്ടതിന്റെ സാദ്ധ്യത

പരിശോധിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മുഖേന ഒരു കൊറിയർ സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഡിപ്പോകളിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലം വാടകയ്ക്ക് കൊടുത്താൽ കോർപ്പറേഷന് നല്ലൊരു തുക ലഭിക്കും. കോഴിക്കോട്, തിരുവനന്തപുരം, ഈഞ്ചയ്ക്കൽ, കാട്ടാക്കട, മൂവാറ്റുപുഴ, അങ്കമാലി, കൊല്ലം, കാസർഗോഡ് തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ളക്സ് തുടങ്ങും. മുതൽമുടക്കി ല്ലാതെയും നോൺഓപ്പറേഷനിലൂടെയും കെ.എസ്.ആർ.ടി.സി.യുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെക്കുറിച്ച് പരിശോധിക്കുന്ന താണ്. നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭത്തിലാക്കാൻ റൂട്ടുകളും സമയവും പുനഃക്രമീകരിക്കും. മോട്ടോർ വാഹന വകുപ്പിലെ അഴിമതി അവസാനിപ്പിക്കാൻ ആർ.ടി.. ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം നവംബർ അവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്. പ്രൈവറ്റ് ബസ്സുകൾക്ക് സ്ഥിരം പെർമിറ്റ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. ആർ.ടി., ജോയിന്റ് ആർ.ടി. ഓഫീസുകളിലെ സർവ്വീസ് സംബന്ധമായ സർക്കുലറുകൾ അതാത് ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്. സർട്ടിഫിക്കറ്റുകൾ പോസ്റ്റ് വഴി അയച്ചുകൊടുത്ത് ആർ.ടി. ഓഫീസുകളിലെ ഇടനിലക്കാരെ ഒഴിവാക്കുന്നതാണ്. വർദ്ധിച്ചു വരുന്ന റോഡപകടങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകാനായി സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ളബുകൾ ആരംഭിക്കുന്ന താണ്. അപകടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക കോടതി വിധി പ്രകാരം ആദ്യ ക്ളെയിമിന് ആദ്യതുക എന്ന വ്യവസ്ഥയിലാണ് നൽകുന്നത്. ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരിക്കുന്നതിന് ഒന്നാംഘട്ടത്തിൽ

പണമുൾപ്പെടുത്താൻ സാധിച്ചില്ലെങ്കിലും രണ്ടാം ഘട്ടത്തിൽ പണം നീക്കി വയ്ക്കുന്നതാണ്. ജലഗതാഗത വകുപ്പിന്റെ സർവ്വീസ് മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സ്പീഡ് ഗവർണറുകൾ ഘടിപ്പിക്കാനുള്ള സമയം ചോദിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ പോകുന്നതിന് തൊട്ടുമുമ്പ് സ്പീഡ് ഗവർണർ ഘടിപ്പിക്കാനുള്ള വിജ്ഞാപനം പിൻവലിക്കാനുള്ള സാഹചര്യ മുണ്ടായി. ഇത് നിലവിലില്ലാത്ത സമയത്താണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. സ്പീഡ് ഗവർണർ ഒഴിവാക്കിയതിന്റെ പേരിൽ ഉദ്യോഗസ്ഥരെ കൺടെംപ്റ്റ് ഓഫ് പ്രൊസീഡിംഗ്സിനായി കോടതിയിൽ വിളിച്ചുവരുത്തിയ സാഹചര്യമുണ്ടായി. സ്പീഡ് ഗവർണറുകൾ ഘടിപ്പിക്കുന്നത് ഒരു സംസ്ഥാനത്ത് മാത്രമായി നടപ്പിലാക്കാൻ കഴിയില്ല. ഇക്കാര്യം യഥാസമയം സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആ ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി സംസ്ഥാനങ്ങൾക്ക് കൊടുത്തിരുന്ന അധികാരം തിരിച്ചെടുത്ത് ഇൻഡ്യയിലാകമാനം വാഹനങ്ങളിൽ സ്പീഡ് ഗവർണറുകൾ ഘടിപ്പിക്കാനാ വശ്യമായ നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കണമെന്നാണ്. കേന്ദ്ര ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ പ്രായോഗികമായ ബുദ്ധിമുട്ട് വരും. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ പ്രതീക്ഷിക്കുകയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥി ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX–ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV–ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI –ാം നമ്പർ ധനാഭ്യർത്ഥനയും 29–നെതിരെ 64 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.40–ന് പിരിഞ്ഞു.